# ജാമക്കാരൻ
# JAMAKKARAN

VOLUME - 2 Reg NO.TNBIL/2016/70171 ISSUE - 2
FEBRUARY 2018 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=




(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



**കർത്താവിൽ പ്രിയരെ,**

കഴിഞ്ഞലക്കം മാസികയിലെ വിവരങ്ങൾ എല്ലാവർക്കും പ്രയോജനപ്പെട്ടതായി അറിഞ്ഞു. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

വരുന്ന മാസങ്ങളിൽ നൊയമ്പ് കൈക്കൊള്ളുന്നവർ നാല്പതു ദിവസം ഉപവാസം എടുക്കുന്നത് പതിവാണ്. ഭൂരി ഭാഗം പേരും രാവിലെയുള്ള ആഹാരം ഉപേക്ഷിച്ചാണ് ഉപവാസമെടുക്കുന്നത്. രാവിലെയുള്ള ഉപവാസം ഒരിക്കലും കൈക്കൊള്ളാൻ പാടില്ല. അതുകൊണ്ടാണ് പാശ്ചാത്യർ രാവിലെയുള്ള ഭക്ഷണത്തിന് ബ്രേക്ക്ഫാസ്റ്റ് എന്നു പേരിട്ടത്. വൈകുന്നേരത്തെ

## ഇന്ത്യാ- റിപ്പബ്ലിക് ദിനം



നാം നമ്മെത്തന്നെ ഭരിക്കുവാൻ തീരുമാനമെടുത്ത ദിവസം. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിനായി പ്രവർത്തിച്ച, പ്രാണത്യാഗം ചെയ്ത നേതാക്കൾ, ത്യാഗിവര്യന്മാർ നിരവധിയാണ്. സ്വാതന്ത്ര്യത്തിനായി നടന്ന യുദ്ധങ്ങളിലും ലഹളകളിലും മരിച്ചവർ എത്ര! എത്ര.

ഇന്ത്യാ പാകിസ്ഥാൻ വിഭജനത്തോടനുബന്ധിച്ച പാലായനം ചെയ്യേണ്ടിവന്നവർ, മരിച്ചുവീണവരും, വാർത്തകൾ ഇന്നും നൊമ്പരം നല്കുന്നവയാണ്. സ്വാതന്ത്ര്യത്തിനായി ആത്മത്യാഗം ചെയ്ത എല്ലാവർക്കുമായി പ്രാർത്ഥിക്കുന്നു! അവരെ ഈയവസരം ജാമക്കാരൻ നന്ദിയോടെ ഓർക്കുന്നു!! നമ്മുടെ രാജ്യം എല്ലാ നന്മകളും നിറഞ്ഞതായി മാറുവാൻ നമുക്കു ശ്രദ്ധയോടെ പ്രാർത്ഥിക്കാം. ജനാധിപത്യം വെല്ലുവിളി നേരിടുന്ന ഈഅവസരത്തിൽ യഥാർത്ഥ ജനാധിപത്യം പുലരുവാനും അതു സൂക്ഷിക്കുവാനും നമുക്കു പ്രതിജ്ഞയെടുക്കാം.

ജാമക്കാരൻ JAMAKKARAN

# FEBRUARY 2018

ആഹാരത്തിനും രാവിലെയുള്ള ആഹാരത്തിനുമിടയ്ക്ക് പന്ത്രണ്ട് മണിക്കൂർ വയർ ശൂന്യാവസ്ഥയിലായിരിക്കുന്നു. അതുകൊണ്ട് **അസിഡിറ്റി** കൂടും. അതു ക്രമേണ **അൾസറായി** മാറും. അതുകൊണ്ട് രാവിലെ 'ബ്രേക്ക് ഫാസ്റ്റ്' നിർബന്ധമായി കഴിച്ചശേഷം ഉച്ചയ്ക്കുള്ള ഭക്ഷണം ഒഴിവാക്കി ഉപവസിക്കുക. ഓരോ ക്രിസ്ത്യാനിയും എല്ലാദിവസം സ്വയം പരിശോധിച്ച് ആത്മീയതയിൽ വളരണം. സ്വയംപരിശോധനക്ക് നാല്പതുദിവസമുള്ള പ്രത്യേക ദിവസങ്ങൾക്കു പ്രാധാന്യം നൽകാതെ ഓരോ ദിവസവും സ്വയം പരിശോധനയ്ക്കു വിധേയമാവുക.

40, 30, 10, 7, 2 ദിവസം ഉപവാസങ്ങൾ പഴയനിയമത്തിലെ ചടങ്ങാണ്. പുതിയനിയമസഭയ്ക്ക് ഈ ചടങ്ങുകൾ കൊടുക്കപ്പെട്ടിട്ടില്ല. അതേസമയം, ഉപവാസമില്ലാതെ ശിഷ്യന്മാരോ, മറ്റ് ദൈവവേലക്കാരോ ആത്മീയ ജീവിതത്തിൽ വളർന്നിട്ടേയില്ല. അതുകൊണ്ട്, ഓരോരോ വായനക്കാരും ഉപവസിച്ച് പ്രാർത്ഥിക്കുന്നത് വളരെ ആവശ്യമാണ്. ഒരു ദൈവവേലക്കാരന് ഒരു ദിവസ ഉപവാസം മതി. പക്ഷേ ഇനി ഒരു condition. ജോലി ചെയ്യുന്ന ദിവസത്തിൽ ഉപവാസം കൈക്കൊള്ളാൻ പാടില്ല (യെശയ്യാവ് 58:53). ഈ വിവരങ്ങൾ അറിഞ്ഞ് ഉപവസിക്കുവാൻ ദൈവം സഹായിക്കുമാറാകട്ടെ

ഉപവാസത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ അറയുവാൻ ഫോൺ വഴിയോ കത്തുവഴിയോ ബന്ധപ്പെട്ടാൽ മറുപടി നൽകുന്നതാണ്.

മാസികയ്ക്കു വേണ്ടിയും ദൈവവേലയ്ക്കായും സംഭാവനകൾ നല്കിയ എല്ലാ വിശ്വാസികൾക്കും നന്ദി രേഖപ്പെടുത്തുന്നു. ബാങ്ക് വഴിയായി മണിട്രാൻസ്ഫറായി, ഓൺലൈനായി അയയ്ക്കുന്ന സംഭാവനകൾ കൃത്യമായി എനിയ്ക്കു ലഭിക്കുന്നു. അവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

എല്ലാ വായനക്കാരേയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

കർത്താവിന്റെ വേലയിൽ
**Dr.Pushparaj**

# E-Mail

ജാമക്കാരൻ മാസിക ആവശ്യപ്പെടുന്നവരും പ്രാർത്ഥനാ വിഷയങ്ങൾ എഴുതി അറിയിക്കുന്നവരും ബാങ്ക് വഴിയായി പണം അയയ്ക്കുന്നവരും തങ്ങളുടെ പൂർണ്ണ വിലാസത്തോടൊപ്പം ഫോൺ നമ്പരും കൂടി എഴുതി അയച്ച് സഹായിക്കണം. എങ്കിൽ ഉടനെതന്നെ മറുപടി അയയ്ക്കുവാൻ കഴിയും. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ പഴയവിലാസവും പുതിയ വിലാസവും എഴുതി അറിയിക്കണം.

# സി.എസ്.ഐ
# അച്ചന്മാരുടെ ദുരവസ്ഥ

തമിഴ്നാട് തിരുനെൽവേലി ഡയോസിസിൽ 21.12.2017 ന് **സി.എസ്.ഐ മോഡറേറ്ററും മദ്ധ്യകേരള സി.എസ്.ഐ ബിഷപ്പുമായ മോസ്റ്റ് റവ.ഡോ.തോമസ് കെ.ഉമ്മൻ** അവർകളാൽ 14 പേർക്ക് അച്ചൻപട്ടം നൽകപ്പെട്ടു. ഈ പ്രത്യേക അഭിഷേക ആരാധന തിരുനെൽവേലിയിലെ ഒരു ചെറിയ പള്ളിയിൽ (തങ്കമ്മാൾപുരം) നടത്തപ്പെട്ടു. തിരുനെൽവേലി ഡയോസിസിലെ മുൻബിഷപ്പ് **റൈറ്റ്.റവ.ജെ.ജെ.ക്രിസ്തുദാസ്** അവർകളും ഈ ആരാധനയിൽ പങ്കെടുത്തു.





അതിനു ശേഷം ഈ അച്ചന്മാർ തങ്ങളുടെ പഴയ സഭകളിൽ ആരാധനയ്ക്ക് നേതൃത്വം കൊടുക്കുകയും വിശ്വാസികൾക്ക് തിരുവത്താഴം കൊടുക്കുന്നതിലും നേതൃത്വം കൊടുത്തു വരികയായിരുന്നു. എന്നാൽ ഇപ്പോൾ ചില പ്രശ്നങ്ങൾ ഉണ്ടായിരിത്തുടങ്ങിയിരിക്കുകയാണ്. നേരത്തെ തിരുനെൽവേലി ഡയോസിസ് സി.എസ്.ഐ സിനഡിൽ നിന്നും വേർപെട്ട് റ്റി.ഡി.റ്റി.എ (തിരുനെൽവേലി ഡയോസിസ് ട്രസ്റ്റ് അസോസിയേഷൻ) എന്ന പേരിൽ പ്രവർത്തിച്ചുവരികയാണ്. ഇവർ സി.എസ്.ഐ എന്ന പേര് നീക്കംചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ ട്രസ്റ്റിനോട് യോജിക്കാത്ത **14 അച്ചന്മാരേയും ഇവർ പുറത്താക്കി.** അതുകൊണ്ട് ഇവർക്കിപ്പോൾ സഭകളില്ലാതെയും, ശമ്പളം ഇല്ലാതെയും ഭവനങ്ങൾ ഇല്ലാതെയും മക്കളുടെ വിദ്യാഭ്യാസം മുടങ്ങുന്ന അവസ്ഥയിലാണ്. മുൻ ബിഷപ്പ് റൈറ്റ്.റവ.ജെ.ജെ.ക്രിസ്തുദാസ് അവർകൾക്കും മാസങ്ങളായി ശമ്പളം കൊടുക്കുന്നില്ല. അദ്ദേഹത്തിന്റെ ഡ്രൈവർക്കും ഇപ്പോൾ ശമ്പളം കൊടുക്കുന്നില്ല. അച്ചൻപട്ടം ലഭിച്ച ഈ 14 പേരും അതുവരെ തങ്ങൾക്കു ശമ്പളം കൊടുത്തിരുന്ന വൈസ് ചെയർമാൻ അച്ചൻ അവർകളെയോ ലേ സെക്രട്ടറി അവർകളോടോ അഭിപ്രായം ചോദിക്കാതെ മുൻബിഷപ്പ് അവർകളുടെ താൽപര്യപ്രകാരം, ഈ അഭിഷേക ആരാധനയിൽ തങ്ങൾക്ക് അച്ചൻപട്ടം ലഭിക്കുമല്ലോ എന്നുള്ള കൊതിയിൽ ഇതിന് സമ്മതിച്ചു. ഇപ്പോൾ അച്ചൻപട്ടം ലഭിച്ച ഇവർക്ക് സഭാശുശ്രൂഷയും ശമ്പളവും ആര് നൽകും? മുൻ ബിഷപ്പിനോ മോഡറേറ്റർക്കോ ഡയോസിസിനോ ഇവരെ സഹായിക്കുവാൻ കഴിയുമോ? ഇപ്പോൾ ഈ 14 അച്ചന്മാരും 'കൈയിലിരുന്നതും പോയി കടിച്ചു പിടിച്ചതും പോയി' എന്ന അവസ്ഥയിൽ പെരുവഴിയിലായിരിക്കുന്നു. ഈ അച്ചന്മാർക്ക് ന്യായം കിട്ടണമെങ്കിൽ അവർ കോടതിയിൽ പോകണം. അതിന് ഇവരുടെ കയ്യിൽ കേസ് നടത്തിപ്പിനുള്ള കാശുപോലും ഇല്ല. എന്നാൽ സി.എസ്.ഐ മോഡറേറ്റർക്ക് ഇവർക്കുവേണ്ടി സിനഡ് വഴിയായി കോടതിയെ സമീപിക്കാം. തിരുനെൽവേലി ഡയോസിസിന് അതിനെതിരായി കോടതിയിൽ നിന്നും സ്റ്റേ വാങ്ങാം. അല്ലെങ്കിൽ കേസ് നടത്താം. പക്ഷേ, അത് വളരെ കാലതാമസം ഉണ്ടാകും. അതുവരെ ഈ അച്ചന്മാരുടെ അവസ്ഥ പരിതാപകരം തന്നെ. 2018 ജനുവരി മാസം ഈ വിഷയങ്ങളിൽ ഒരു ഒത്തുതീർപ്പിനുവേണ്ടി മോഡറേറ്റർ മോസ്റ്റ്.റൈറ്റ്.റവ.തോമസ് കെ.ഉമ്മൻ അവർകൾ തിരുനെൽവേലി ഡയോസിസ് ഓഫീസിലേയ്ക്ക് നേരിട്ടുവന്നു. എന്നാൽ അദ്ദേഹത്തെ ട്രസ്റ്റ് കമ്മിറ്റിക്കാർ ഘെരൊവോ ചെയ്ത് അകത്തു കടക്കുവാൻപോലും സമ്മതിച്ചില്ല. അതിനുശേഷം പ്രത്യേകമായി ഒരുക്കിയ ഒരു മുറിയിൽ വച്ച് മോഡറേറ്ററുമായി ട്രസ്റ്റ് ഭാരവാഹികൾ സംഭാഷണം നടത്തിയതിനുശേഷം മോഡറേറ്റർ മടങ്ങിപ്പോയി. ഇങ്ങനെ ഒരു സംഭാഷണം നേരത്തെ മോഡറേറ്ററും സിനഡും നടത്തിയിരുന്നുവെങ്കിൽ ഈ അച്ചന്മാർക്ക് ഈ ഗതി വരികയില്ലായിരുന്നു.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഡയോസിസായ തിരുനെൽവേലി ഡയോസിസ് പല പ്രശ്നങ്ങളാൽ സമാധാനമില്ലാതെ, അച്ചന്മാരിലും വിശ്വാസികളിലും ഭിന്നത വർദ്ധിച്ചുകൊണ്ടിരിക്കയാണ്.

## ഒടുവിൽ കിട്ടിയ വാർത്ത

**കുറിപ്പ് :** തിരുനെൽവേലി റ്റി.ഡി.റ്റി.എയിൽ നിന്ന് നീക്കം ചെയ്ത 14 അച്ചന്മാർ ശുശ്രൂഷിച്ച 14 സഭകളെ മുൻ ബിഷപ്പിന്റെ നേതൃത്വത്തിൽ തിരുനെൽവേലി സി.എസ്.ഐ ഡയോസിസ് സഭകൾ എന്ന പേരിൽ ഒരു പുതിയ ഡയോസിസ് തുടങ്ങുവാൻ ശ്രമിക്കുന്നതായി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. അതേസമയം, ഈ 14 സഭകളിലെ കമ്മിറ്റി അംഗങ്ങളിൽ ഭൂരിപക്ഷംപേർ ഈ തീരുമാനത്തിൽ യോജിപ്പില്ലാ എന്നു അറിയിച്ചിരിക്കുന്നു.

# ശ്രീലങ്ക സി.എസ്.ഐ ഡയോസിസ് രണ്ടു ബിഷപ്പുമാർ

ശ്രീലങ്ക സി.എസ്.ഐ ഡയോസിസിലെ ബിഷപ്പിന്റെ തെരഞ്ഞെടുപ്പ് വിചിത്രമായിരുന്നു. ഇത്, രാത്രിയാമത്തിൽ നടത്തപ്പെട്ട രഹസ്യവിവാഹം പോലെയാണ് ബിഷപ്പ് തെരെഞ്ഞെടുപ്പ് നടന്നത്. രാത്രിയിൽ ഇന്ത്യയിലെ ചെന്നൈ നഗരത്തിലെ സി.എസ്.ഐ സിനഡ് ഓഫീസിൽ മോഡറേറ്ററുടെ മുറിയുടെ അടുത്ത മുറിയിൽ വച്ച്, എതിർകക്ഷികൾ കോടതിയിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങുന്നതിനു മുൻപായിട്ട്, ആ രാത്രിയിൽ തന്നെ മോഡറേറ്റർ അവർകൾ അഭിഷേക ആരാധന നടത്തി ഒരാളെ ബിഷപ്പാക്കി. അപ്പോൾ മറ്റൊരാൾ പരാജയപ്പെട്ടു.

ഒരു അച്ചനെ ബിഷപ്പാക്കണമെങ്കിൽ നിയമപ്രകാരം മൂന്നുപ്രാവശ്യം സഭകളിൽ പരസ്യം പറയണം. സഭാജനങ്ങൾ ബിഷപ്പ് തെരഞ്ഞെടുപ്പിനുവേണ്ടി പ്രാർത്ഥിക്കണം. സഭാജനങ്ങളുടെ പ്രാർത്ഥനയോടും ദൈവീകസാന്നിധ്യത്തിൽ എല്ലാ സഭാജനങ്ങളുടെയും മുമ്പാകെ പരസ്യമായി നടത്തേണ്ട ശുശ്രൂഷയാണ് ഇത്. അതിനെ ദൈവം തീർച്ചയായും അനുഗ്രഹിക്കും. ഇപ്പോൾ സി.എസ്.ഐ സഭകളുടെ സ്ഥിതി അങ്ങനെയല്ല.

സി.എസ്.ഐയിലെ രണ്ടു ബിഷപ്പുമാരുടെ മക്കളുടെ വിവാഹം സഭകളിൽ ഒരു പ്രാവശ്യംപോലും പരസ്യം പറയാതെ നിയമവിരുദ്ധമായി പള്ളിയിൽ വച്ച് താലികെട്ട് ആരാധന നടത്തി. ഇതിൽ ഒരു ബിഷപ്പിന്റെ മകളുടെ കല്യാണം മൂന്നു പ്രാവശ്യം താലികെട്ട് ചടങ്ങ് നടത്തിയതിൽ യഥാർത്ഥ അച്ചന്മാർക്കും യഥാർത്ഥ സഭാവിശ്വാസികൾക്കും അഗാധമായ ദുഃഖം ഉണ്ടായി. ഈ കുട്ടികളുടെ വിവാഹം ദൈവം അനുഗ്രഹിച്ചിരിക്കുമോ? ഇന്നത്തെ സി.എസ്.ഐ സഭയുടെ പോക്ക് എങ്ങോട്ടാണ്?

ഇപ്പോൾ ശ്രീലങ്ക സി.എസ്.ഐ ഡയോസിസിന്റെ അവസ്ഥ എന്താണ്? ഞാൻ കഴിഞ്ഞ രണ്ടു മാസത്തിൽ രണ്ടുപ്രാവശ്യം ശ്രീലങ്ക സന്ദർശിച്ചു. ആംഗ്ലിക്കൻ സഭയുടെ 200–ാം വാർഷിക കൺവെൻഷനിൽ പ്രസംഗിക്കുവാൻ പോയി. ശ്രീലങ്കയിലെ മന്ത്രിമാരും മറ്റു സഭാനേതാക്കളും ഈ കൺവെൻഷനിൽ സംബന്ധിച്ചിരുന്നു. ഞാനാണ് നാലുദിവസവും ദൈവീകദൂത് അറിയിച്ചത്. ഇതിലെ പ്രത്യേകത എന്തെന്നാൽ രണ്ടു സി.എസ്.ഐ ബിഷപ്പുമാർ ഈ യോഗത്തിൽ സംബന്ധിച്ചതായി എന്നെ അറിയിച്ചു. ഒരു സി.എസ്.ഐയ്ക്ക് രണ്ടു ബിഷപ്പ് എങ്ങനെ വരും? പിന്നീടാണ് ഞാൻ വിവരം അറിഞ്ഞത്, ചെന്നൈയിൽ വച്ച് രാത്രിയിൽ ആയ ബിഷപ്പും, മറ്റൊരാൾ, തോറ്റുപോയ അച്ചൻ, ആംഗ്ലിക്കൻ സഭ വഴിയായി നിയമപ്രകാരം ബിഷപ്പായ വ്യക്തിയും ആണ്. **ഇപ്പോൾ ശ്രീലങ്കയിലെ സി.എസ്.ഐ ഡയോസിസ് രണ്ടായി പിളർന്നു.** അതുപോലെ തിരുനെൽവേലി ഡയോസിസും റ്റി.ഡി.റ്റി.എയുടെ കീഴിൽ ഭൂരിപക്ഷം സഭകളും ബിഷപ്പിനു കീഴിൽ 14 സഭകളും പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. ഈ ഗതി മറ്റു സി.എസ്.ഐ ഡയോസിസുകളിലും സംഭവിച്ചാൽ ഓരോ സയോസിസുകളിലും രണ്ടുവീതം ബിഷപ്പുമാർ ഭരിക്കുന്ന അവസ്ഥകൾ ഉണ്ടാകും. അങ്ങനെയുള്ള സ്ഥിതി ഉണ്ടാകാതെയിരിക്കണമെങ്കിൽ **മോഡറേറ്റർ** അവർകൾ എല്ലാ ബിഷപ്പുമാരേയും കൂട്ടിവരുത്തി പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിച്ച് ഡയോസിസുകൾ തകർന്നുപോകാതെ സമാധാനത്തോടെ പ്രവർത്തിക്കുവാനും മുന്നോട്ടു കൊണ്ടുപോകുവാനും, ശ്രീലങ്ക, തിരുനെൽവേലി ഡയോസിസുകളിലെ അവസ്ഥ മറ്റു ഡയോസിസുകളിലും പകർച്ചാവ്യാധിയായി പടരാതിരിക്കുവാനുമുള്ള തീരുമാനങ്ങൾ എടുക്കണം.

ഇതു വായിക്കുന്ന എല്ലാ വായനക്കാർക്കും സി.എസ്.ഐ സഭാവിശ്വാസികളും ഉപവാസത്തോടും പ്രാർത്ഥനയോടും ദൈവത്തോട് അപേക്ഷിക്കുക. ദൈവം സി.എസ്.ഐ സഭകളെയും അവരെ നയിക്കുന്നവരെയും ദൈവീക ഭയത്തോടെ മുൻപോട്ട് നയിക്കുവാൻ ദൈവം സഹായിക്കുമാറാകട്ടെ.

# കുന്ദംകുളം ഐക്യകൺവെൻഷൻ









2017 ഡിസംബർ മാസത്തിൽ കുന്ദംകുളം ഐക്യ കൺവെൻഷൻ നടത്തപ്പെട്ടു.

തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം പ്രദേശത്ത് 31 വർഷങ്ങൾക്കുശേഷം കൺവെൻഷനിൽ പ്രസംഗിക്കുവാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. 1970–ലാണ് ഞാൻ ആദ്യമായി കുന്ദംകുളം കൺവെൻഷനിൽ ദൈവീകദൂതുമായി കടന്നുവന്നത്. അന്ന് യോഗത്തിൽ കടന്നവന്ന ഏകദേശം 8000 ത്തോളം വരുന്ന വിശ്വാസികളുടെയിടയിൽ അന്നു നടന്ന അത്ഭുത രോഗശാന്തികൾ ഞാൻ ഇന്നും ഓർക്കുന്നു. അന്നത്തെ യോഗങ്ങളിൽ മാർത്തോമ്മ, സി.എസ്.ഐ, ഓർത്തഡോക്സ് ബിഷപ്പുമാരാണ് അദ്ധ്യക്ഷം വഹിച്ചത്.

ഇതേ കുന്ദംകുളം കൺവെൻഷനിൽ എനിക്ക് മറക്കുവാൻ കഴിയാത്ത മറ്റൊരു അത്ഭുതവും സംഭവിച്ചു. 1978–ൽ എനിക്ക് ഈ കൺവെൻഷനിൽ പരിഭാഷയില്ലാതെ മലയാളത്തിൽ ആദ്യമായി പ്രസംഗിക്കുവാൻ പരിശുദ്ധാത്മാവ് സഹായിച്ചു. അന്നു മുതൽ ഇന്നുവരെ പരിഭാഷയില്ലാതെ മലയാളത്തിൽ പ്രസംഗിക്കുവാൻ പരിശുദ്ധാത്മാവ് എന്നെ സഹായിക്കുന്നു.

ഇപ്രാവശ്യം നടന്ന കുന്ദംകുളം കൺവെൻഷനിൽ രണ്ടു തലമുറയിലെ കുടുംബങ്ങളെ നേരിൽ കാണുവാൻ കഴിഞ്ഞു. കുന്ദംകുളത്തെ എന്റെ എല്ലാ കൺവെൻഷനുകളിലും നടന്ന അത്ഭുതങ്ങളെ അവർ എന്നോട് അറിയിക്കുകയും എല്ലാത്തിനും ദൈവത്തോട് ഒരുമിച്ച് നന്ദി അർപ്പിക്കുവാനും കഴിഞ്ഞു.

# ട്രൈബൽ മിഷൻ ഹോസ്പിറ്റൽ പുതിയ ആഡിറ്റോറിയം






ആനക്കട്ടി ബഥനി മെഡിക്കൽ സെന്റർ (ട്രൈബൽ മിഷൻ) പുതിയതായി നിർമ്മിച്ച ആഡിറ്റോറിയത്തിൽ ക്രമീകരിച്ച ഡോക്ടർമാരുടെയും, നഴ്സുമാരുടെയും, മറ്റു സ്റ്റാഫുകളുടെയും യോഗത്തിൽ ഞാൻ പ്രസംഗിച്ചു. ഡോ.മുരളീധരൻ എം.ഡി.അവർകൾ സ്വാഗതം ചെയ്തു.

പാഴും ശൂന്യവുമായിരുന്ന ആ സ്ഥലത്ത് ഇങ്ങനെ ഒരു ആശുപത്രി പണിയുവാൻ തക്കവണ്ണം ശ്രമിച്ചതിൽ **എനിക്കുണ്ടായിരുന്ന പങ്കും** തുടർന്ന് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുവാനുള്ള നേതൃത്വം ഏറ്റെടുത്ത ഡോ.മുരളീധരൻ എം.ഡി അവർകൾ അനുഭവിച്ച കഷ്ടതകളും അപമാനങ്ങളും ഞാൻ എന്റെ പ്രസംഗത്തിൽ പങ്കുവെച്ചു. ഡോ.മുരളീധരന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി നിർമ്മിക്കപ്പെട്ട ഈ ആശുപത്രിയുടെ വളർച്ച കണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

**കുറിപ്പ് :** ഈ ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആശുപത്രിയുടെ സേവനങ്ങളെക്കുറിച്ചും തുടർന്നുള്ള മാസികകളിൽ ഞാൻ എഴുതുന്നതായിരിക്കും. “ക്രൈസ്തവചിന്ത” എന്ന മാസികയിൽ ഈ ആശുപത്രിയെക്കുറിച്ചും ഡോ.മുരളീധരനെക്കുറിച്ചും എഴുതിയ വ്യാജ റിപ്പോർട്ടിന്റെ മറുപടിയും ഞാൻ തുടർന്നുള്ള മാസികകളിൽ എഴുതുന്നതായിരിക്കും.

# മധുരെ Nagamalai Pudukottai
# C.S.I. ഡയോസിസ് സെന്റ് ആൻഡ്രൂസ്
# സി.എസ്.ഐ ചർച്ച് കൺവെൻഷൻ




2017 ഡിസംബർ മാസത്തിൽ ഇവിടെ നടന്ന യോഗങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെ കൂടുതലായി കാണപ്പെട്ടു. പ്രത്യേകിച്ച് വചനത്തിന്റെ ആഴമേറിയ സത്യങ്ങളെ അറിയുവാനും വചനത്തെ പഠിക്കുവാനും ആഗ്രഹിച്ച അനേകം പേർ അവിടെ ഉണ്ടായിരുന്നുവെന്നറിഞ്ഞതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കമ്പം, മധുരെ, ഉസിലംപെട്ടി, പസുമലൈ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വളരെയധികം പേർ വാഹനങ്ങളിൽ വചനം കേൾക്കുവാനായി കടന്നുവന്നു.

ശനിയാഴ്ച പകൽ യോഗത്തിൽ, തങ്ങളുടെ പ്രശ്നങ്ങൾക്കും രോഗസൗഖ്യത്തിനും വേണ്ടി കടന്നുവന്നവർക്കുവേണ്ടി പ്രാർത്ഥിച്ച സമയം വൈകുന്നേരം 5 മണിവരേയ്ക്കും നീണ്ടുപോയി. ദൈവനാമം മഹത്വപ്പെട്ടു. റവ.ഡി.റോബർട്ട് അച്ചൻ അവർകൾ ഈ യോഗങ്ങളെല്ലാം പ്രാർത്ഥനയോടെ ക്രമീകരിച്ചു.

**സ്വീകരിക്കുന്നു** **അനുമോദിക്കുന്നു**

# പുതിയ മോഡറേറ്റർ (CNI)



ചർച്ച് ഓഫ് നോർത്ത് ഇന്ത്യ (CNI). ഉത്തരേന്ത്യ സഭകളുടെ പുതിയ മോഡറേറ്ററായി **ജബൽപൂർ** സി.എൻ.ഐ ഡയോസിസ് ബിഷപ്പായി പ്രവർത്തിക്കുന്ന **റൈറ്റ്.റവ.ഡോ.പ്രേം സിംഗ്** അവർകൾ തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം ഇന്ത്യയിലെ എല്ലാ സഭകളുടെയും അഡ്വൈസറി കമ്മിറ്റി (NCCI) അദ്ധ്യക്ഷനായി ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സി. എൻ.ഐ സഭകളുടെ പുതിയ മോഡറേറ്ററായി തെരഞ്ഞെടുക്കപ്പെട്ട **മോസ്റ്റ്.റവ.പ്രേംസിംഗ്** അവർകളെ ജാമക്കാരന്റെ പേരിലും എന്റെ പേരിലും അനുമോദിക്കുന്നു. സി.എൻ.ഐ സഭകളുടെ ഡെപ്യൂട്ടി മോഡറേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ദുർഗ്ഗാപൂർ ഡയോസിസ് ബിഷപ്പായ Rt.Rev.Prabhul Kanthtothatha അവർകളെയും അനുമോദിക്കുന്നു. ക്രിസ്ത്യാനികൾക്കും പ്രത്യേകിച്ച് മിഷണറിമാർക്കും കൂടുതൽ പ്രശ്നങ്ങൾ ഹിന്ദുമത തീവ്രവാദികളാൽ ബാധിക്കപ്പെടുന്ന വടക്കേ ഇന്ത്യയിലെ പ്രദേശങ്ങളിൽ മോഡറേറ്ററായി ചുമതലയേറ്റ മോസ്റ്റ്.റവ.പ്രേംസിംഗ് അവർകളിലൂടെ സംരക്ഷണം ലഭിക്കുവാൻ തക്കവണ്ണം കേന്ദ്രസർക്കാരിൽ നിന്നും ദയ ലഭിക്കുവാനും അവരോട് ജ്ഞാനത്തോടെ ഇടപെടുവാനും അവർക്കുവേണ്ടി നമുക്ക് എല്ലാവർക്കും പ്രാർത്ഥിക്കാം. പുതിയ മോഡറേറ്ററുടെ കീഴിൽ സി.എൻ.ഐ സഭകൾ വചനത്തിൽ വളരുവാൻ ദൈവം സഹായിക്കട്ടെ.

## വിദേശത്തുള്ള വായനക്കാർക്ക്

വിദേശത്തുള്ള ജാമക്കാരൻ വായനക്കാർ, നിങ്ങൾക്ക് കംപ്യൂട്ടറിലും മൊബൈലിലും നെറ്റ് സൗകര്യമുണ്ടെങ്കിൽ നിങ്ങളുടെ **ഇ-മെയിൽ** ഐ.ഡി കത്തു മുഖേനയോ, നെറ്റ് വഴിയോ അറിയിച്ചാൽ മാസിക പ്രിന്റിംഗിനു പോകുന്നതിനു മുൻപു തന്നെ നിങ്ങൾക്ക് **പി.ഡി.എഫ്** വഴി എത്തിക്കുന്നതായിരിക്കും. അത് പ്രിന്റ് എടുത്ത് നിങ്ങൾക്കു വീട്ടുകാർക്കും സുഹൃത്തുക്കൾക്കും കൊടുക്കുവാനും വായിക്കുവാനും കഴിയും.

ഇവിടെ നിന്നും വിദേശത്തുള്ളവർക്ക് മാസികയായി അയച്ചാൽ ഓരോ മാസികയ്ക്കും 70 രൂപയുടെ തപാൽ സ്റ്റാംപിന്റെ ചെലവ് ഞങ്ങൾക്ക് ഒഴിവാക്കുവാൻ കഴിയും. ദയവായി ഈ വിഷയത്തിൽ വായനക്കാർ സഹകരിക്കുക.

# നവീകരണത്തിന്റെ തേരാളി
# (മാർട്ടിൻ ലൂഥർ എ.ഡി.1483–1546)

ഇക്കഴിഞ്ഞ മാസങ്ങളിൽ നവീകരണത്തിന്റെ 500–ാം വാർഷികം നാം സമുചിതമായി ആഘോഷിച്ചല്ലോ. ഇന്നും ക്രിസ്തീയ അന്തരീക്ഷത്തിൽ ദുരുപദേശങ്ങളുടെ മാറാല കളും അഴുക്കുകളും കണക്കിലേറെയുണ്ട്. നവീകരണത്തിലേയ്ക്ക് വഴിതെളിയിച്ച സാഹ ചര്യവും നവീകരണത്തിനായി ഫാ.ഡോ.മാർട്ടിൻ ലൂഥർ ചെയ്ത മഹത്തായ സേവനവും വായനക്കാരുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നു. ദയവായി അല്പം സമയമെടുത്ത് വായിക്കുക, ചിന്തിക്കുക. വചനവെളിച്ചത്തിന്റെ പച്ചയായ പുൽപ്പുറങ്ങളിലേയ്ക്ക് ദൈവം നിങ്ങളെ നയിക്കും. നിങ്ങളും കർത്താവിന്റെ, വചനത്തിന്റെ പക്ഷത്തുള്ള വ്യക്തിയാ കാൻ ദൈവം സഹായിക്കട്ടെ. ലേഖനം വായിച്ചാലും....

**ജനനം, ശൈശവം :** മാർട്ടിൻ ലൂഥർ എ.ഡി.1483 നവംബർ 10 ന് ജർമ്മനിയിൽ മാൻസ് ഫെൽട്ട്റ്റ് എന്ന സ്ഥലത്ത് സാക്സണിയെന്ന പട്ടണത്തിലെ ഐൽബേനിൽ ജനിച്ചു. ഖനിതൊഴിലാളിയായ ഹാൻസ് ലൂഥറിന്റെയും മാർഗരറ്റ് ലിൻഡേമാനിന്റെയും എട്ടുമ ക്കളിൽ രണ്ടാമനായിരുന്നു ലൂഥർ. പിതാവിന്റെ പേരായ ലൂഥർ എന്നതിൽ നിന്ന് കഥാ നായകന് ലൂഥർ എന്ന നാമം ലഭ്യമായി. വി.മാർട്ടിന്റെ ദിനത്തിൽ സ്ഥാപനം ചെയ്യപ്പെട്ട തിനാൽ മാർട്ടിൻ എന്ന് നാമകരണവും ചെയ്യപ്പെട്ടു. തന്റെ കുടുംബം ദൈവഭയം ഉള്ള തായിരുന്നു. മാൻസ് ഫെൾട്ട്റ്റ് ഗ്രാമർ സ്കൂളിലും തുടർന്ന് മാഗ്ഡെബർഗിലും, ഐസ നാർക്കിലും വിദ്യാഭ്യാസം ചെയ്തു. എ.ഡി.1501–ൽ എർഫർട്ട് സർവകലാശാലയിൽ വിദ്യാർത്ഥിയായി. അവിടെ തർക്കശാസ്ത്രവും, തത്ത്വശാസ്ത്രവും അഭ്യസിച്ചു. കൂടാതെ വി.അഗസ്റ്റിന്റെ ചിന്തകൾ പഠിക്കുന്നതിനും കൂടുതൽ സമയം കണ്ടെത്തി. എർഫർട്ട് സർവകലാശാലയുടെ ലൈബ്രറിയിൽ വായനയിൽ മുഴുകിയ കാലത്താണ് ലത്തീൻ ഭാഷയിൽ എഴുതപ്പെട്ട വേദപുസ്തകം കാണുവാനും, വായിക്കുവാനും ഇടയായത്. **ഇരു പതുവയസുവരെ വേദപുസ്തകം താൻ കണ്ടിട്ടില്ലായെന്ന് ലൂഥർ തന്നെയും പറഞ്ഞി ട്ടുണ്ട്.** നിയമം പഠിക്കണമെന്നതായിരുന്നു തന്റെ പിതാവിന്റെ ആഗ്രഹം. കാരണം അദ്ദേ ഹത്തിന് സഭാശുശ്രൂഷയിൽ പ്രവേശിക്കുന്നതിൽ വലിയ താൽപര്യം ഇല്ലായിരുന്നു. മാത്ര മല്ല, നിയമപഠനത്തിൽകൂടി തന്റെ മകന് ശ്രേയ്സകരമായ ഭാവി ഉണ്ടാകുമെന്ന് അദ്ദേഹം കരുതി.

**യൗവ്വനം :** അക്കാലത്ത് താൻ ദർശിച്ച ചില പ്രത്യേക കാര്യങ്ങൾ ലൂഥറിനെ വളരെയ ധികം ചിന്തിപ്പിച്ചിരുന്നു. ഉദാ: സഭയെ പ്രതിനിധാനം ചെയ്യുന്ന 'രക്ഷയുടെ പെട്ടക' ത്തിന്റെ ചിത്രം. സഭയാകുന്ന കപ്പലിന്റെ കപ്പിത്താനായി പരിശുദ്ധാത്മാവിനെയും, യാത്ര ക്കാരായി പാപ്പായെയും, കർദ്ദിനാളാന്മാരെയും, മെത്രാന്മാരെയും, കപ്പൽ ജോലിക്കാ രായി പട്ടക്കാരും സന്യാസിനിമാരും, ഉൾപ്പെടുന്ന സംഘത്തെയും ഇതിൽ ചിത്രീകരി

ച്ചിരുന്നു. അന്ധമായ ജനമാകട്ടെ ജലത്തിൽ നീന്തി തുടിക്കുന്നു. അവരുടെ രക്ഷ സഭയാകുന്ന കപ്പലിൽ പ്രവേശിച്ചാൽ മാത്രമേ സാധ്യമാകൂ. കപ്പലിൽ പട്ടത്വശ്രേണിയിൽപെട്ടവരുടെ സുരക്ഷിതത്വം, ജലത്തിൽ അന്ധമായ ജനത്തിന്റെ അരക്ഷിതാവസ്ഥ. ഈ ചിത്രം കണ്ട് ലൂഥർ ആശ്ചര്യപ്പെട്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.

**കർത്തൃസേവയ്ക്കായി :** ഒരിക്കൽ മാൻസ്ഫീൽഡിൽ നിന്ന് എർഫർട്ടിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ ഉഗ്രമായ ഇടിനാദം കേട്ട് ഭയാക്രാന്തനായ ലൂഥർ **വി.അന്നയോട് തനിക്ക്** തത്സമയം തുണയായിരിക്കുന്ന പക്ഷം സന്യാസിയായിക്കൊള്ളാമെന്ന് പ്രതിജ്ഞ ചെയ്തു. ഏതായാലും എ.ഡി.1505 ജൂലൈ 17–ന് ലൂഥർ അഗസ്റ്റീനിയൻ സന്യാസാശ്രമാംഗമായി. പക്ഷേ ഇതിൽ തന്റെ പിതാവ് കുണ്ഠിതനായിരുന്നു. സന്യാസപട്ടക്കാരൻ ആകുവാനുള്ള തന്റെ തീരുമാനത്തെ എന്തുകൊണ്ട് എതിർക്കുന്നു എന്ന ലൂഥർ ചോദിച്ച അവസരത്തിൽ പിതാവ് നൽകിയ മറുപടി ഇപ്രകാരമാണ്. 'നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്ന് കല്പിക്കപ്പെട്ടിരിക്കുന്നു എന്ന് നിനക്കറിയില്ലേ?'

സന്യാസജീവിതം സ്വീകരിച്ച ലൂഥർ കഠിനമായ സന്യാസചര്യയാണ് ആശ്ലേഷിച്ചത്. ലൂഥർ തന്റെ സന്യായവൃത്തിയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്:

"ഞാൻ നല്ലൊരു സന്യാസിയാണ്. എന്റെ ക്രമത്തിന്റെ നിയമം ഞാൻ നിഷ്ഠയോടെ പാലിച്ചിരുന്നു. എപ്പോഴെങ്കിലും ഒരു സന്യാസി തന്റെ സന്യാസവൃത്തിയാൽ സ്വർഗം പ്രാപിക്കുമെങ്കിൽ അത് ഞാൻ ആയിരിക്കും. എന്നെ അറിയാവുന്ന എന്റെ സന്യാസാശ്രമ സഹോദരങ്ങൾ എല്ലാം ഇതിന് സാക്ഷ്യം വഹിക്കും. കൂടുതൽ നാൾ സന്യാസിയായി ഞാൻ തുടർന്നിരുന്നെങ്കിൽ ഉപവാസം, പ്രാർത്ഥന, വായന, മറ്റ് പുണ്യപ്രവർത്തികൾ എന്നിവയാൽ ഞാൻ എന്നെത്തന്നെ മരണത്തിന് രക്തസാക്ഷിയാക്കിയേനേ."

എ.ഡി.1507 മെയ് മാസത്തിൽ ലൂഥർ തന്റെ ക്രമത്തിൽ പട്ടക്കാരനായി. എ.ഡി.1508–ൽ ജർമ്മനിയിലെ വിറ്റൻബർഗിൽ ഉപരിപഠനം നടത്തിയതിനു പുറമെ അദ്ധ്യാപനവൃത്തിയിലും ജാഗരൂകനായി. റോമാസഭയുടെ വിശ്വാസാചാരങ്ങളിൽ ലൂഥർ തികഞ്ഞ ആത്മാർത്ഥതയാണ് പുലർത്തിയിരുന്നത്. താമസിയാതെ എർഫർട്ടിൽ വേദശാസ്ത്രാധ്യാപകനായി. എ.ഡി.1511–ൽ റോമിലേയ്ക്ക് തന്റെ ക്രമത്തിന്റെ പ്രത്യേക ഒരാവശ്യം പ്രമാണിച്ച് പോയ ലൂഥറിന് അവിടത്തെ സ്ഥിതിഗതികൾ കണ്ട് മനസ്സിലായതോടെ സഭയുടെ ആദ്ധ്യാത്മികശോഷണം സംഭവ്യമായിരിക്കുന്നുവെന്ന് ഗ്രഹിപ്പാൻ അധികസമയം വേണ്ടിവന്നില്ല. ലൂഥർ ഇപ്രകാരം പറഞ്ഞതായി കാണുന്നു.

വിശുദ്ധജീവിതം നയിക്കുന്ന ഏവരും റോമിൽ നിന്നും പോകേണ്ടതാണ്. സത്യസന്ധനായ മനുഷ്യൻ ആകുന്നത് ഒഴികെ മറ്റെന്തും റോമിൽ അനുവദനീയമാണ്.

പീലാത്തോസിന്റെ മുമ്പാകെ ന്യായവിസ്താരത്തിനായി കൊണ്ടുപോയപ്പോൾ കർത്താവ് കയറിയതെന്ന് റോമാസഭ അവകാശപ്പെടുന്ന റോമിലെ 25 വിശുദ്ധപടവുകൾ മറ്റുള്ളവരെപ്പോലെ ലൂഥറും മുട്ടിന്മേൽ നിന്ന് കയറി. ഓരോ പടവുകൾ കയറു

മ്പോഴും തന്റെ വല്യപ്പൻ ഹെയ്ൻ ലൂഥറിനുവേണ്ടി പ്രത്യേക പ്രാർത്ഥന ലൂഥർ ചൊല്ലുന്നുണ്ടായിരുന്നു. ഓരോ പടവുകളും മുട്ടിന്മേൽ കയറുമ്പോൾ ബസ്ഫുർക്കാനയിൽ നിന്നും ഓരോ ആത്മാക്കൾ സ്വാതന്ത്ര്യം പ്രാപിക്കുന്നുവെന്ന അക്കാലവിശ്വാസമാണ് പടവുകൾ ഇപ്രകാരം കയറുവാൻ ലൂഥറിനെ പ്രേരിപ്പിച്ചത്.

എന്നാൽ **'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' (റോമർ 1:17)** എന്ന വേദവചനം തന്റെ ഹൃദയത്തിൽ മുഴങ്ങിയതോടെ തന്റെ ഉദ്യമം ത്യജിച്ച് ലൂഥർ കല്പടവുകളിൽ നിന്ന് എഴുന്നേറ്റു. സഭാനവീകരണത്തിന്നായി ദൈവം തന്റെ ദിവ്യവിചാരണയിൽ ഒരു നായകനെ എഴുന്നേല്പിച്ച രംഗമായിരുന്നു അതെന്ന് പറയുന്നതിൽ ശങ്കയ്ക്കിടമില്ല." അപ്രകാരം സഭയുടെ തെറ്റായ വേദശാസ്ത്രചിന്തകളിലും, ആചാരാനുഷ്ഠാനങ്ങളിലും, പട്ടക്കാരുടെ അസന്മാർഗിക ജീവിതചര്യയിലും ലൂഥറിന് ക്രമേണ അപ്രീതി ഉണ്ടായിത്തുടങ്ങി. എ.ഡി.1512–ൽ ലൂഥർ വിറ്റൻബർഗിൽ വേദശാസ്ത്ര പ്രൊഫസറായി നിയമിതനായി. ലൂഥർ തന്റെ വേദശാസ്ത്രചിന്തകൾക്ക് രൂപരേഖ നൽകിയത് ഇവിടെവെച്ചാണ്. വി.അഗസ്റ്റിന്റെ പഠിപ്പിക്കലുകളും, ജർമ്മൻ ആദ്ധ്യാത്മദർശകരുടെ ഉപദേശങ്ങളും ലൂഥറിനെ സാരമായി സ്വാധീനിച്ചു. എന്നാൽ അവയെക്കാൾ ഉപരിയായി വേദപുസ്തകം ലൂഥറിൽ ആഴമായ സ്വാധീനമാണ് ചെലുത്തിയത്. റോമാ–ഗലാത്യലേഖനങ്ങൾ പുതിയ ഉൾക്കാഴ്ചകൾ തനിക്ക് നൽകി. ദൈവകൃപ, ദൈവനീതി എന്നിവയെക്കുറിച്ച് ചിന്തിപ്പാൻ പ്രസ്തുത ലേഖനങ്ങൾ ലൂഥറിന് സഹായമായി ഭവിച്ചു. സഭയിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചോദ്യം ചെയ്യുവാൻ ഇതോടുകൂടി ലൂഥർ ഒരുമ്പെട്ടു.

**ദർശനക്ഷമമല്ലാത്ത ചരിത്രം :** അക്കാലസഭയുടെ അല്പം ചരിത്രം, ഏതാനും ചിന്തകൾ, അതിനനുസൃതമായ പഠിപ്പിക്കലുകൾ എന്നിവയിലേയ്ക്ക് പ്രവേശിക്കണ്ടതായിട്ടുണ്ട്. **ഭൗതീകവസ്തുക്കളുടെ ശേഖരണം.** അന്ധവിശ്വാസങ്ങൾ അക്കാലത്ത് ഏറെ ആയിരുന്നു. എന്നാൽ ലൂഥർ അവയെ കർക്കശമായി എതിർത്തു. എ.ഡി.1516–ൽ എല്ലാ വിശുദ്ധന്മാരുടെയും ദിനത്തിൽ സാക്സണിയിലെ ഇലക്റ്ററും, വിറ്റൻബർഗ് സർവകലാശാലയുടെ സ്ഥാപകനുമായ ഫ്രെഡറിക് (എ.ഡി.1463–1525) ഭൗതീകാവശിഷ്ടങ്ങളുടെ ആയിരക്കണക്കിനുള്ള ശേഖരം പ്രദർശനത്തിനായി വെയ്ക്കുകയുണ്ടായി. ഒരു കണക്കനുസരിച്ച് 17,433 വിശുദ്ധ എല്ലിൻ കഷണങ്ങളും, മറ്റ് പൂജ്യവസ്തുക്കളും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നതായി കാണുന്നു. തന്റെ ശേഖരത്തിലെ ചില വസ്തുക്കൾ താഴെപ്പറയുന്നവയാണ്.

വി.ജറോമിന്റെ ഒരു പല്ല്, വി.ബർനാർഡ്, വി.ജറോം, വി.അഗസ്റ്റിൻ എന്നിവരുടെ അസ്ഥികളുടെ ചില ഭാഗങ്ങൾ, ചില വിശുദ്ധപിതാക്കന്മാരുടെ ശരീരങ്ങൾ, വി.കന്യകമ

റിയാമിന്റെ മുലപ്പാലിന്റെ ഏതാനും തുള്ളികൾ, തന്റെ നാല് തലനാരിഴകൾ, തന്റെ വസ്ത്രത്തിന്റെ മൂന്നു കഷണങ്ങൾ, അരക്കെട്ടിന്റെ നാല് കഷണങ്ങൾ, ക്രിസ്തുവിന്റെ രക്തം പുരണ്ട തന്റെ മൂടുപടത്തിന്റെ ഏഴ് കഷണങ്ങൾ, ക്രിസ്തുവുമായി ബന്ധപ്പെട്ട ഏതാനും വസ്തുക്കൾ (ഉദാ: ക്രിസ്തു ശിശുവായിരുന്നപ്പോൾ പുതപ്പിച്ച തുണിയുടെ ഒരു കഷണം, പുൽത്തൊട്ടിയിൽ നിന്നും ഉള്ള പതിമൂന്ന് കാര്യങ്ങൾ, കച്ചിയുടെ ഒരുപിടി, വിദ്വാന്മാർ കാഴ്ചവെച്ച സ്വർണ്ണത്തിന്റെ ഒരു കഷണം, മൂരിന്റെ മൂന്ന് കഷണങ്ങൾ, യേശുവിന്റെ താടി മീശയുടെ ഒരു കൂട്ടം, ക്രിസ്തുവിനെ തറയ്ക്കാൻ ഉപയോഗിച്ച ആണികളിൽ ഒന്ന്, അന്ത്യ അത്താഴത്തിൽ നിന്നെടുത്ത ഒരു കഷണം അപ്പം, സ്വർഗ്ഗാരോഹണ സമയത്ത് കർത്താവ് കയറി നിന്ന് പാറയുടെ ഒരു ഭാഗം), മോശെയുടെ കത്തുന്ന മുൾപ്പടർപ്പിൽ നിന്നെടുത്ത ഒരു ചുള്ളിക്കമ്പ് തുടങ്ങി ഈ പട്ടിക നീളും.

ഭൗതീകവസ്തുക്കളുടെ ഈ വിസ്മയശേഖരം കണ്ട് അനേകർ സംതൃപ്തരായി. ഭൗതീകവസ്തുക്കളുടെ ശേഖരവുമായി ബന്ധപ്പെട്ടവർ ഈ പ്രത്യേക സാഹചര്യം ഉപയോഗപ്പെടുത്തി അളവറ്റ ധനം വസൂലാക്കി. ജനം തങ്ങൾ നൽകിയ പണത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പാപമോചനചീട്ടിന്റെ ബലത്തിൽ സ്വർഗ്ഗരാജ്യം തങ്ങളുടെ കൈക്കുള്ളിലായി എന്ന് കരുതി ആത്മനിർവൃതി പൂണ്ടു.

**പാപമോചനച്ചീട്ട് :** പാപമോചനച്ചീട്ടിൽ കൂടി പ്രാപ്യമാകുന്ന കൃപകൾ പലതാണെന്ന് കത്തോലിക്ക സഭ പഠിപ്പിച്ചിരുന്നു. ബസ്ഫുർക്കാനയിലെ ആത്മാക്കളുമായുള്ള ബന്ധത്തിൽ പാപമോചനച്ചീട്ടിന്റെ ഉപയോഗം സംബന്ധിച്ചുള്ള പ്രഥമ കല്പന എ.ഡി.1476–ൽ പ്രസിദ്ധപ്പെടുത്തിയത് സിക്സ്റ്റസ് നാലാമൻ പാപ്പാ ആണ്. സാൽവേറ്റർ നോസ്റ്റർ (എ.ഡി.1476 ആഗസ്റ്റ് 3, ഗ്രേവ് നിംസ് (എ.ഡി.1483) എന്നിവ ഇദ്ദേഹത്തിന്റെ രണ്ട് പ്രധാന കല്പനകൾ ആകുന്നു. ആദ്യത്തേത് ബസ്ഫുർക്കാനയിലെ ആത്മാക്കൾക്ക് പാപമോചനച്ചീട്ടിലൂടെ ലഭ്യമാകുന്ന ഗുണങ്ങളെക്കുറിച്ചുള്ളതും, രണ്ടാമത് അമലോത്ഭവ ഗർഭധാരണം സംബന്ധിച്ചിട്ടുള്ളതും ആണ്. ബസ്ഫുർക്കാനയിലെ അഗ്നിയിൽ യാതന അനുഭവിക്കുന്ന ആത്മാക്കൾക്ക് ജീവനോടിരിക്കുന്നവർ സഭയ്ക്ക് നൽകുന്ന സംഭാവനയാൽ രക്ഷ പ്രാപിക്കാമെന്നുള്ളതായിരുന്നു സാൽവേറ്റർ നോസ്റ്ററ് എന്ന കല്പനയുടെ സാരം.

റോമിലെ വി.പത്രോസിന്റെ ദൈവലായത്തിന്റെ നിർമ്മിതിക്കുള്ള ധനസമാഹരണത്തിന് ലിയോ പത്താമൻ പാപ്പാ പാപവിമോചനച്ചീട്ടിന്റെ വില്പനയ്ക്കായി കല്പന കൊടുക്കുകയുണ്ടായി. മെയിൻസ്, മാഗ്ഡേബർഗ് എന്നിവിടങ്ങളിലെ ആർച്ച് ബിഷപ്പായ ആൾബർട്ടി (എ.ഡി.1490–1545) ന് പാപ്പാ അതിനുള്ള പ്രത്യേക അനുമതിയും നല്കി. ആർച്ച് ബിഷപ്പ് പാപവിമോചനച്ചീട്ടിന്റെ വില്പന സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാപവിമോചനച്ചീട്ടിലൂടെ ലഭ്യമാകുന്ന നന്മകൾ ഏവയെന്ന് വ്യക്തമാക്കുന്നു.

എല്ലാ പാപങ്ങളുടെയും പരിപൂർണ്ണമോചനം, ദൈവകൃപയുടെ ആസ്വാദനം, ബസ്ഫുർക്കാനയിലെ ദുരിതങ്ങളുടെ നിവാരണം എന്നിവ സാധ്യമാക്കുന്നു. എന്നാൽ മേല്പറഞ്ഞ നന്മകൾ കരഗതമാക്കുവാൻ കുറഞ്ഞപക്ഷം നിശ്ചയിക്കപ്പെട്ട ഏഴ് ദൈവാലയങ്ങൾ സന്ദർശിക്കുകയും, അവിടെ അനുശാസിക്കപ്പെട്ട പ്രാർത്ഥനകൾ (ഉദാ:കർത്തൃപ്രാർത്ഥനയും, കന്യകമറിയാമിനോടുള്ള സ്തുതിയും അഞ്ചുപ്രാവശ്യം വീതം) ചൊല്ലേണ്ടതാണ്. പ്രസ്തുത ഏഴ് ദൈവാലയങ്ങൾ സന്ദർശിക്കുവാൻ പ്രയാസമുള്ള രോഗികൾ, കിടക്കയിൽ അഭയം പ്രാപിച്ചവർ എന്നിവർക്ക് പാപവിമോചനം ലഭിക്കുവാൻ പ്രത്യേക ക്രമീകരണങ്ങളും ഏർപ്പെടുത്തിയിരുന്നു. കൂടാതെ പ്രത്യേക നിരക്കിൽ പണം സംഭാവനയായും നൽകണമെന്ന് നിബന്ധനയും ഉണ്ട്. ഓരോരുത്തരുടെയും വരുമാനം അളക്കുവാൻ പ്രയാസമായതിനാൽ അംഗീകൃതമായ ഒരു നിരക്കും ഓരോ വിഭാഗത്തിൽപ്പെട്ടവർക്കും നിശ്ചയിച്ചിരുന്നു. അവ താഴെച്ചേർക്കുന്നു.

രാജാക്കന്മാർ, രാജ്ഞിമാർ, അവരുടെ പുത്രന്മാർ, മെത്രാൻ പദവി ഉള്ളവർ എന്നിവർ – 25 സ്വർണ്ണ നാണയങ്ങൾ, മഠാധിപർ, പ്രഭുക്കന്മാർ, ഉയർന്ന നിലയിലുള്ളവർ, അവരുടെ ഭാര്യമാർ എന്നിവർ – 10 സ്വർണ്ണനാണയങ്ങൾ പ്രഭുഗണത്തിലും, സഭാസ്ഥാനികളിലും താഴ്ന്നവർ, ആദായം 500 സ്വർണ്ണനാണയങ്ങൾ, ആദായം 200 സ്വർണ്ണനാണയങ്ങളിൽ താഴെയുള്ള കച്ചവടക്കാർ, മറ്റ് പൗരന്മാർ – 3 സ്വർണ്ണനാണയങ്ങൾ. കുടുംബങ്ങളും തങ്ങളുടെതന്നെ ആദായവുമുള്ള മറ്റ് പൗരന്മാർ, വ്യാപാരികൾ, കൈത്തൊഴിലുകാർ– 1 സ്വർണ്ണനാണയം, ഏറ്റവും കുറച്ചുവരുമാനം ഉള്ളവർ–1/2 സ്വർണ്ണനാണയം.

എന്നാൽ വരുമാനം ഇല്ലാത്തവർ പ്രാർത്ഥനയാലും, ഉപവാസത്താലും തങ്ങളുടെ സംഭാവനകൾ നൽകേണ്ടതാണെന്ന് പ്രബോധിപ്പിച്ചിരുന്നു. കാരണം ധനവാനെന്ന പോലെ ദരിദ്രനും സ്വർഗരാജ്യം തുറക്കപ്പെടണമെന്നതാണ് ഇതിന്റെ അടിസ്ഥാനപ്രമാണമെന്നും എടുത്ത് പറഞ്ഞിരുന്നു. ഭർത്താവിന്റെ മരണപത്രിക കൂടാതെ സ്വത്ത് ലഭിപ്പാൻ വഹിയാത്ത ഭാര്യ അവളുടെ സ്ത്രീധനം അഥവാ എവിടെയെങ്കിലും ഉള്ള മറ്റ് സ്വത്തുക്കളിൽ നിന്ന് കൊടുക്കണം. ഒന്നും ഇല്ലാത്തവളോ അല്ലെങ്കിൽ ഭർത്താവിനാൽ തടസ്സപ്പെടുത്തപ്പെട്ടവളോ എങ്കിൽ അവളുടെ സംഭാവന പ്രാർത്ഥനയോടുകൂടി നൽകേണ്ടതാണ്. പിതാവിന്റെ അധികാരത്തിൽ കീഴിലുള്ള പുത്രന്മാർക്കും ഇതുതന്നെ ബാധകമാകുന്നു. നിർധനരായ ഭാര്യമാർ, പിതാവിന്റെ അധികാരത്തിന് വിധേയപ്പെട്ട പുത്രന്മാർ യാചിച്ചോ അല്ലെങ്കിൽ ധനികരായവരിൽ നിന്ന് ദാനം സ്വീകരിച്ചോ അവരുടെ സംഭാവനകൾ പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്. ഇവ്വിധത്തിൽ അവസരം ഇല്ലാത്തവർ പ്രാർത്ഥനയാലും, മദ്ധ്യസ്ഥതയാലും തങ്ങൾക്കും മരിച്ചവർക്കും വേണ്ടി മേൽപ്പറഞ്ഞ നന്മകൾ പ്രാപ്യമാക്കേണ്ടതാകുന്നു.

പാപമോചന കത്തിന്റെ അഥവാ പാപനിവേദന കത്തിന്റെ (പാപം ഏറ്റുപറഞ്ഞു എന്ന് കാണിക്കുന്ന കത്ത്) ലഭ്യത. പ്രസ്തുത കത്ത് പല പ്രത്യേക അവകാശങ്ങൾക്കും ഉറപ്പ് നൽകുന്നു. ഭിക്ഷുസന്യാസികളുടെ ഗണത്തിൽ ഉള്ളവനും, യോജ്യനുമായ പാപ മുക്തി നൽകുന്ന ഒരു പുരോഹിതന്റെ തിരഞ്ഞെടുക്കൽ, അപ്പൊസ്തലിക സിംഹാസ നത്തിന് മാത്രം വിമോചനം നൽകുവാൻ അധികാരമുള്ള പാപങ്ങളെയും മേൽപ്പറഞ്ഞ പുരോഹിതന് ഉള്ള പദവി എന്നിവ ഈ അവകാശത്തിൽ ഉൾപ്പെടുന്നു.

സാർവത്രികസഭയുടെ എല്ലാ നന്മകളിലും ഉള്ള പങ്കാളിത്തം. പ്രാർത്ഥന, ഉപവാ സം, ധർമ്മം, തീർത്ഥാടനം, കുർബ്ബാന എന്നിവയിലെല്ലാം മൺമറഞ്ഞ ബന്ധുക്കളോ ടൊപ്പം, പാപനിവേദന കത്തുകൾ വാങ്ങിക്കുന്നവരും പങ്കാളികളാണ്. പ്രസംഗകനും, പാപമുക്തി നൽകുന്ന പുരോഹിതനും ഈവക കാര്യങ്ങൾ പറഞ്ഞു വിശ്വാസികളെ പ്രബോധിപ്പിക്കേണ്ടതാകുന്നു. ഇതോടൊപ്പം മറ്റൊരു കാര്യം കൂടി നിർദ്ദേശത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. അതായത് മേൽസൂചിപ്പിച്ച കൃപകൾ കുമ്പസാരമോ, ദൈവാലയ ങ്ങളുടെയോ ആൾത്താരകളുടെയോ സന്ദർശനമോ കൂടാതെ തന്നെ പ്രാപിക്കാൻ സാധി ക്കും. പാപനിവേദന കത്ത് നിർബന്ധമായും വാങ്ങിയിരിക്കണം എന്ന് മാത്രമേയുള്ളൂ.

ബസ്ഫുർക്കാനയിൽ ഉള്ള ആത്മാക്കൾക്ക് എല്ലാ പാപങ്ങളുടെയും പൂർണ്ണമായ മോചനം. ഈ മോചനം പാപ്പായുടെ മദ്ധ്യസ്ഥതയിൽ കൂടിയാണ് ലഭിക്കുക. തനിക്ക് എന്ന പോലെ ജീവനോടിരിക്കുന്നയാൾ പണം നിക്ഷേപപെട്ടിയിൽ ഇടേണ്ടതാണ്. ബസ്ഫുർക്കാനയിലെ ആത്മാക്കളുടെ പാപമോചനത്തിന്നായുള്ള സംഭാവനകളിൽ മാറ്റം വരുത്തുവാനുള്ള വ്യവസ്ഥകളും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. പണം നിക്ഷേപിക്കുന്ന വർ ഹൃദയത്തിൽ പശ്ചാത്താപം ഉള്ളവർ ആയിരിക്കണമെന്നോ, വാചികമായി കുമ്പ സാരിക്കണമെന്നോ ഇല്ല. എന്നാൽ ഈ കൃപ ആത്മാക്കൾ കടന്നുപോയ സമയത്തെ കൃപയുടെ നിലയിലും, ജീവനോടിരിക്കുന്നവരുടെ സംഭാവനയിലും ആണ് അടിസ്ഥിത മായിരിക്കുന്നത്. പ്രസ്തുത കൃപയെപ്പറ്റിയും, അതായത് ഈ കൃപയെ കടന്നുപോയ ആത്മാക്കൾക്ക് ലഭ്യമാകുമെന്നും, അതേസമയം തന്നെ വി.പത്രോസിന്റെ ദൈവാലയം പണിയപ്പെടണമെന്നും പ്രസംഗകർ പരക്കെ അറിയിക്കേണ്ടതും ഉണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങൾ എത്ര വിചിത്രമായിരിക്കുന്നുവെന്ന് ചിന്തിക്കേണ്ടതാകു ന്നു. ഏതായാലും പാപവിമോചനച്ചീട്ടിന്റെ വില്പനയിൽ കൂടി പാപ്പായ്ക്ക് വി.പത്രോ സിന്റെ ദൈവാലയനിർമ്മിതിയ്ക്ക് പണം സമാഹരിക്കുക എന്ന ചിന്തയും, ആർച്ച് ബിഷ പ്പായ ആൾബർട്ടിന് തന്റെ കടബാദ്ധ്യതകളുടെ നിവാരണത്തിന്നായി പണം കണ്ടെത്തുക എന്ന വിചാരവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പാപവിമോചനച്ചീട്ടിന്റെ വില്പന ഉളവാ ക്കിയേക്കാവുന്ന അനന്തരഫലങ്ങൾ എവ്വിധത്തിലായിരിക്കും എന്ന സദ്ചിന്ത ഇരുവ

രെയും ഭരിച്ചതായി തോന്നുന്നില്ല. നാശോന്മുഖത്വത്തോട് അടുത്തുനിന്ന സഭയ്ക്കോ സഭാധികാരികൾക്കോ അതിന് മനസ്സോ, സാവകാശമോ ഉണ്ടായിരുന്നില്ലതാനും.

**കാല്പനികതയുടെ കേളികൊട്ട്**

കാല്പനികതയ്ക്ക് അതിർവരമ്പുകൾ നിശ്ചയിക്കുക എളുപ്പമല്ല. എന്നാൽ ആത്മീകതയിൽ കാല്പനികത്വം പ്രവേശിച്ചാൽ അത് തീർച്ചയായും വിപത്തിലേയ്ക്കുള്ള കുതിപ്പായിരിക്കും. പാപവിമോചനച്ചീട്ടിന്റെ വ്യാപാരം തകൃതിയായി നടക്കുവാനും, ആവുന്നത്ര പണം സമ്പാദിപ്പാനും കാല്പനികതയും, ഭാഷാശൈലിയും എല്ലാം അതിന്റെ വില്പനക്കാർ എടുത്ത് ഉപയോഗിക്കുക ഉണ്ടായി. 'പാപവിമോചനച്ചീട്ട്' വാങ്ങുന്നയാൾ സ്നാപനത്തെക്കാൾ വിശുദ്ധീകരിക്കപ്പെടുന്ന, പറുദ്ദീസയിൽ ആദമിന്റെ നിഷ്കളങ്കാവസ്ഥയേക്കാൾ നിർമ്മലനാകുന്ന അവസ്ഥയിൽ എത്തും എന്നിങ്ങനെയുള്ള വാഗ്ദാനങ്ങളും അവർ നൽകിയിരുന്നു. അതിന് നല്ലൊരു ഉദാഹരണമാണ് ഡോമിനിക്കൻ സന്യാസിയായ ജോൺ ടെറ്റ്സൽ അഥവാ റെറ്റസെലിയസ് (എ.ഡി.1459–1524). ദൈവാലയങ്ങൾ സന്ദർശിച്ച് തന്നാൽ ആവുംവിധം പാപവിമോചനച്ചീട്ടിന്റെ വില്പനയ്ക്ക് അദ്ദേഹം നേതൃത്വം നൽകി. ടെറ്റ്സൽ മുമ്പ് സൂചിപ്പിച്ച ആർച്ച് ബിഷപ്പ് ആൾബർട്ടിന്റെ മുഖ്യ ഏജന്റായിരുന്നു. പ്രായം കുറഞ്ഞയാൾ ആർച്ച് ബിഷപ്പ് ആകുക, ഒന്നിൽ കൂടുതൽ ഭദ്രാസനങ്ങൾ ഒരേസമയം അധികാരത്തിൽ കീഴിലാക്കുക എന്നിവയെല്ലാം കാനോൻ നിയമങ്ങൾക്ക് വിരുദ്ധമായിരുന്നു. എങ്കിലും ആൾബർട്ടിന് ഇക്കാര്യങ്ങളെല്ലാം സുഗമമായി. നിയമങ്ങൾ മറികടപ്പാൻ ലിയോ പത്താമൻ പാപ്പായും അനുമതി നൽകി. അങ്ങനെ ആൾബർട്ട് ആർച്ച് ബിഷപ്പ് ആയതുകൂടാതെ തനിക്ക് അപ്പോൾ ജർമ്മനിയിൽ ഉണ്ടായിരുന്ന രണ്ട് കത്തോലിക്കാ പ്രവിശ്യകളുടെ അധികാരത്തിന് പുറമേ മെയിൻസിലെ ഭദ്രാസന ചുമതല കൂടി ലഭിപ്പാൻ ആഗ്രഹിച്ചു. അതിന്നായി ലിയോ പത്താമന് ആർച്ച് ബിഷപ്പ് വൻ തുക കൊടുക്കേണ്ടി വന്നു. പണം ലഭിച്ചതോടെ പാപ്പായും സന്തുഷ്ടനായി. മാത്രമല്ല, പാപ്പായ്ക്ക് കൊടുത്ത പണം കടമായി എടുത്തതിനാൽ പ്രസ്തുത കടബാദ്ധ്യത തീർക്കുവാൻ പാപവിമോനചച്ചീട്ട് സാക്സണിയിൽ വില്ക്കുവാനുള്ള അധികാരവും പാപ്പാ ആൾബർട്ടിന് നൽകി. ഇപ്രകാരം ടെറ്റ്സൽ ആർച്ച് ബിഷപ്പിന്റെ പ്രധാന ഏജന്റായി പാപവിമോചനച്ചീട്ടിന്റെ വില്പനയും തുടങ്ങി. ടെറ്റ്സലിന് വേതനമായി ആൾബർട്ട് കൊടുക്കേണ്ടിയിരുന്നത് ഉദ്ദേശം 1,100 ഡോളറും മറ്റ് അനുബന്ധ ചെലവുകളും ആയിരുന്നു.

ടെറ്റ്സൽ വ്യാപാരം ചെയ്ത പാപവിമോചനചീട്ടിന്റെ നിരക്ക് ഇപ്രകാരമായിരുന്നു. ശത്രുവിനെ കൊന്നാൽ 7 ഡ്യൂക്കേറ്റ്സ്, ദൈവാലയം കൊള്ള ചെയ്താൽ 9 ഡ്യൂക്കേറ്റ്സ്, പിതാവ്, മാതാവ്, സഹോദരൻ, സഹോദരി എന്നിവരെ കൊല ചെയ്താൽ 4 ഡ്യൂക്കേ

റ്റ്സ്. ടെറ്റ്സൽ പോയ സ്ഥലങ്ങളിലെല്ലാം വ്യാപാരം കെങ്കേമമായി. പക്ഷേ ദൗർഭാഗ്യവശാൽ അവിടെയെല്ലാം കുറ്റകൃത്യങ്ങളും പെരുകി. അവസ്ഥ ഇതാണെങ്കിലും സഭയ്ക്ക് ധാരാളം പണം കിട്ടി. ടെറ്റ്സലിന്റെ പ്രസംഗധോരണിയിൽ പാപം ചെയ്തതിലുള്ള പശ്ചാത്താപം പോലും കൂടാതെ പാപത്തിൽ നിന്നും വിടുതൽ ലഭിക്കുമെന്നുള്ള ടെറ്റ്സലിന്റെ പ്രസ്താവനയും അവരെ ഉത്സാഹഭരിതരാക്കി. ഫ്രെഡറിക്ക് മൈക്കോനിയസ് എന്നൊരാളിന്റെ ദൃക്സാക്ഷി വിവരണം പാപവിമോചനച്ചീട്ടിന്റെ വില്പനയിലേയ്ക്ക് കൂടുതൽ വെളിച്ചം വീശുന്നതിനാൽ തുടർന്ന് പ്രസ്തുത വിവരണത്തിൽ പറയുന്ന കാര്യങ്ങൾ എന്തെന്ന് പരിശോധിക്കാം.

ജർമ്മനിയിൽ നിന്നും ഭീമമായ തുക ജോൺ ടെറ്റ്സൽ തന്റെ പ്രസംഗത്തിൽ കൂടി നേടി. അതെല്ലാം റോമിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. കൂടാതെ സെന്റ് അന്നാബെർഗിലെ ഖനി പ്രദേശങ്ങളിൽ നിന്ന് ധാരാളം പണം ഇപ്രകാരം ശേഖരിക്കുക ഉണ്ടായി. ടെറ്റ്സലിന്റെ പ്രസംഗം ഏതാണ്ട് രണ്ട് സംവത്സരം ശ്രവിച്ച ഈ ദൃക്സാക്ഷി ടെറ്റ്സലിനെ അജ്ഞനും ധിക്കാരിയുമായ സന്യാസി ആയിട്ടാകുന്നു അഭിസംബോധം ചെയ്തിരിക്കുന്നത്. കാരണം അവിശ്വസനീയമായ കാര്യങ്ങൾ ടെറ്റ്സൽ തന്റെ പ്രസംഗങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നു. ഉദാഹരണമായി ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ പ്രിയമാതാവിനോടുകൂടി ശയിച്ചാൽ, പാപ്പായുടെ പാപവിമോചനച്ചീട്ടിന്റെ ഭണ്ഡാരപ്പെട്ടിയിൽ പണം നിക്ഷേപിക്കുന്ന പക്ഷം പാപ്പായ്ക്ക് ആകാശത്തിലും ഭൂമിയിലും ഉള്ള പാപം വിമോചിക്കുവാനുള്ള അധികാരം ഉണ്ട്; അങ്ങനെ പാപ്പാ പാപം വിമോചിക്കുന്ന പക്ഷം ദൈവവും അപ്രകാരം പാപം വിമോചിക്കുക തന്നെ ചെയ്യും. അങ്ങനെ പണം സംഭാവന ചെയ്യുകയും, കൃപയും പാപവിമോചനവും സമ്പാദിക്കുകയും ചെയ്താൽ സെന്റ് അന്നാബർഗിലെ കുന്നുകളെല്ലാം ശുദ്ധി വെള്ളിയായിത്തീരും. നാണയം പെട്ടിയിൽ വീണ് ശബ്ദം ഉണ്ടാകുന്നതോടുകൂടി, ഏത് ആത്മാവിനാൽ പ്രസ്തുത പണം നൽകിയോ, ആ ആത്മാവ് നേരേ സ്വർഗ്ഗത്തിലേയ്ക്ക് പോകും. അങ്ങനെ അത്ഭുതകരമായ ഒരു വസ്തുവാണ് അവന്റെ പാപവിമോചനച്ചീട്ട്! ചുരുക്കത്തിൽ എല്ലാ ദൈവികാധികാരങ്ങളും പാപ്പായ്ക്ക് നൽകിയിരിക്കുന്നതിനാൽ ദൈവം ഇനിമേൽ ദൈവമല്ല.......പാപവിമോചനച്ചീട്ടിന്റെ വില്പനയ്ക്ക് അധികാരപ്പെടുത്തപ്പെട്ട ആൾ പട്ടണത്തിൽ പ്രവേശിക്കുമ്പോൾ, പാപ്പായുടെ കല്പന സാറ്റിൻ തുണിയിലോ അല്ലെങ്കിൽ സ്വർണ്ണത്തിന്റെ ചിത്രത്തയ്യലോടുകൂടിയ മെത്തയിലോ കൊണ്ടുവരും. തൽസമയം പട്ടക്കാർ, സന്യാസിമാർ, നഗരസമിതി അംഗങ്ങൾ, അദ്ധ്യാപകർ, പണ്ഡിതന്മാർ, പുരുഷന്മാർ, സ്ത്രീകൾ, കന്യകമാർ, കുട്ടികൾ പതാകകളോടും മെഴുകുതിരികളോടും ഗാനങ്ങളോടും കൂടി ഘോഷയാത്രയായി ചെന്ന് സ്വീകരിക്കുകയും ചെയ്തിരുന്നു. അപ്പോൾ എല്ലാ മണികളും, സംഗീതോപകരണങ്ങളും നാദം

മുഴക്കും; ദൈവാലയത്തിലേയ്ക്ക് അദ്ദേഹം ആനയിക്കപ്പെടും; ദൈവാലയത്തിന്റെ നടുവിൽ ഒരു ചുവന്ന കുരിശ് സ്ഥാപിക്കും, പാപ്പായുടെ കല്പന അവിടെ പ്രദർശിപ്പിക്കും; ചുരുക്കത്തിൽ ദൈവത്തെപ്പോലും ഇവ്വിധത്തിൽ വലിയ ആദരവോടുകൂടി സ്വീകരിപ്പാൻ കഴിയുകയില്ല.

ഇപ്രകാരം തത്ത്വദീക്ഷ കൂടാതെ, ദൈവഭയം വിട്ടകന്ന്, ധനത്തോടുള്ള ദുരാഗ്രഹം മൂത്ത് പാപവിമോചനച്ചീട്ടിലൂടെ സാധാരണ ജനത്തെ കബളിപ്പിക്കുന്ന പ്രക്രിയ ടെറ്റ്സൽ തുടർന്നു. ഇദ്ദേഹത്തെപ്പറ്റി ഇപ്രകാരം ഒരു പരാമർശം അക്കാലത്ത് കേൾക്കുവാനും സംഗതി ആയി. ലീപ്സീഗിൽ നിന്നും വൻ തുക ടെറ്റ്സൽ വസൂലാക്കി. ഇതറിഞ്ഞ ഒരാൾ തന്റെ ഭാവി പാപം വിമോചിക്കുവാൻ സാധ്യമോയെന്ന് ചോദിച്ചു. അതിന് പ്രത്യുത്തരമായി അത് സാധ്യമെന്നും, എന്നാൽ അതിന് പണം നൽകേണ്ടതാണെന്നും പറഞ്ഞു. ഉടനെത്തന്നെ പണം നൽകി പാപവിമോചനച്ചീട്ട് അയാൾ ടെറ്റ്സലിന്റെ മുദ്രയോടുകൂടി വാങ്ങി. എന്നാൽ ലീപ്സീഗിൽ നിന്നും മടങ്ങിപ്പോയ ടെറ്റ്സലിനെ അയാൾ വഴിമദ്ധ്യേ തടഞ്ഞുനിർത്തി കണക്കിന് പ്രഹരിച്ചുകൂടാതെ ടെറ്റ്സൽ ശേഖരിച്ച പണവും പിടിച്ചുവാങ്ങി. ഇതാകുന്നു വിമോചിക്കപ്പെടേണ്ട ഭാവി പാപം എന്ന് പറഞ്ഞുകൊണ്ട് ടെറ്റ്സലിനെ വെറുംകൈയായി അയച്ചു.

സാധാരണ ജനങ്ങളെ അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും നീരാളിപ്പിടുത്തത്തിൽ ആക്കിക്കൊണ്ട് അവരുടെ ദൗർബല്യത്തെ ചൂഷണം ചെയ്ത് സഭാനേതൃത്വം ധനാദിസമൃദ്ധിയിൽ തങ്ങളുടെ ആത്മശുദ്ധി നഷ്ടപ്പെട്ട്, ദുർവിചാരികളായി തീർന്നു. എക്കാലത്തും വന്നുഭവിക്കാവുന്ന വിപത്തിലേയ്ക്ക് ഇത് വിരൽചൂണ്ടുന്നു എന്ന വസ്തുത ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്.

### നവീകരണത്തിന് ബഹി:പ്രകാശനം തൊണ്ണൂറ്റഞ്ച് വാദപ്രസ്താവനകൾ (എ.ഡി.1517)

പാപവിമോചനച്ചീട്ടിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ എന്തെല്ലാമെന്ന് ലൂഥർ ക്രമേണ മനസ്സിലാക്കി. എ.ഡി.1517–ൽ എല്ലാ വിശുദ്ധന്മാരുടെയും ദിനത്തിൽ ഒരു വാദപ്രതിവാദത്തിന്നായി തയ്യാറെടുത്തു. എന്നാൽ അതിൽ സംബന്ധിപ്പാൻ ആരും തുനിഞ്ഞില്ല. ഇതേത്തുടർന്ന് ലൂഥർ തനിക്ക് പറയാനുള്ള വാദമുഖങ്ങൾ എഴുതിയുണ്ടാക്കി. ലൂഥറിന്റെ തൊണ്ണൂറ്റഞ്ച് വാദപ്രസ്താവങ്ങൾ എന്ന് ഇതിനെ നാമകരണം ചെയ്തിരിക്കുന്നു. എ.ഡി.1517 ഒക്ടോബർ 31 ന് സാക്സെണിയിലെ വിറ്റൻബർഗ് ദൈവാലയത്തിന്റെ പ്രധാനകവാടത്തിൽ പ്രസ്തുത വാദപ്രസ്താവനകൾ ലൂഥർ പതിച്ചു. ഈ ദൈവലായത്തിൽ അനേകം പുണ്യാവശിഷ്ടങ്ങളുടെ ശേഖരം തന്നെ ഉണ്ടായിരുന്നു. അവയുടെ ഔദ്യോഗികപട്ടികയിൽ നിന്നും ഒരു ഭാഗം താഴെ ചേർക്കുന്നു.

മറിയ ജനിച്ച പട്ടണത്തിന്റെ മൂന്ന് അംശങ്ങൾ, അവൾ നൂത്ത നൂലിന്റെ ഒരു കഷണം, പതിന്നാലാം വയസിൽ അവൾ താമസിച്ച വീടിന്റെ ഒരു തുണ്ട്, മറിയ ജീവിച്ച യിയോൻകുന്നിന്റെ പട്ടണത്തിന്റെ രണ്ട് അംശങ്ങൾ, മാലാഖ മേരിയെ അഭിവാദ്യം ചെയ്ത മുറിയുടെ രണ്ടു തുണ്ടുകൾ, കന്യകമറിയാമ്മിന്റെ മുലപ്പാലിന്റെ അഞ്ചുതുള്ളികൾ, കർത്താവിനെ മറിയ പരിചരിച്ച വൃക്ഷത്തിന്റെ ഒരു കഷണം, മറിയയുടെ മുടിയുടെ നാല് കഷണങ്ങൾ, മറിയയുടെ ഉടുപ്പിന്റെ മൂന്ന് കഷണങ്ങൾ, മറിയയുടെ മറ്റ് ചില കുപ്പായങ്ങളുടെ എട്ട് കഷണങ്ങൾ, മറിയയുടെ അരക്കെട്ടിന്റെ നാല് കഷണങ്ങൾ, മറിയയുടെ മൂടുപടത്തിന്റെ ഏഴു കഷണങ്ങൾ, കുരിശിന്റെ അടിയിൽ ക്രിസ്തുവിന്റെ രക്തം പുരണ്ട മറിയയുടെ മൂടുപടത്തിന്റെ രണ്ട് കഷണങ്ങൾ, മറിയ ദിവംഗതയായ പട്ടണത്തിന്റെ ഒരു അംശം, മറിയ ദിവംഗതയായപ്പോൾ കൊടുത്ത മെഴുകുതിരിയുടെ ഒരു കഷണം, മറിയയുടെ കല്ലറയുടെ ആറ് തുണ്ടുകൾ, മറിയയുടെ കല്ലറയിലെ കുറച്ച് മണ്ണ്, യേശുക്കുഞ്ഞിന്റെ വെള്ളിയിൽ തീർത്ത ചിത്രം, കർത്താവയ യേശു ജനിച്ച പട്ടണത്തിലെ നാല് അംശങ്ങൾ, അവനെ പൊതിഞ്ഞ ഉടുതുണിയുടെ ഒരു കഷണം, യേശുവിന്റെ പുൽക്കൂടിന്റെ പതിമൂന്ന് കഷണങ്ങൾ, തൊട്ടിലിന്റെ ഒരു കഷണം, കച്ചിയുടെ രണ്ട് കഷണങ്ങൾ, കർത്താവ് ജനിച്ചപ്പോൾ കിടന്ന വയ്ക്കോലിന്റെ ഒരു കഷണം, കർത്താവിന് രാജാക്കന്മാർ സമ്മാനിച്ച സ്വർണ്ണം, മൂര് എന്നിവയുടെ ഒരു കഷണം. കർത്താവായ യേശുവിനെ പരിച്ഛേദന ചെയ്ത പട്ടണത്തിന്റെ ഒരു അംശം. കർത്താവായ യേശു ഉപവസിച്ച മലയുടെ നാല് അംശങ്ങൾ, ക്രിസ്തു കർത്തൃപ്രാർത്ഥന പഠിപ്പിച്ച പട്ടണത്തിന്റെ രണ്ട് അംശങ്ങൾ, യെരുശലേമിനെ നോക്കി വിലപിച്ചപ്പോൾ യേശു നിന്ന കല്ലിന്റെ ഒരു കഷണം, കഴുതയുടെ പുറത്തു കയറാൻ നിന്ന കല്ലിന്റെ ഒരു കഷണം, കർത്താവായ ക്രിസ്തുവിനെ അറസ്റ്റു ചെയ്ത സ്ഥലത്തെ കുറച്ചു മണ്ണ്, ശിഷ്യന്മാരുമായി അന്ത്യ അത്താഴം കഴിച്ച മോശെയുടെ അഞ്ച് കഷണങ്ങൾ, അന്ത്യ അത്താഴങ്ങൾ ക്രിസ്തു ഭക്ഷിച്ച അപ്പത്തിന്റെ ഒരു കഷണം, ക്രിസ്തുവിനെ ഒറ്റിക്കൊടുത്തതിന് ലഭിച്ച മുപ്പതു വെള്ളിക്കാശുകൊണ്ട് വാങ്ങിച്ച സ്ഥലത്തിന്റെ കുറച്ചുഭാഗം, വിശുദ്ധസ്ഥലത്തിന്റെ ഒരു അംശം, യേശു രക്തം വിയർത്ത പാറയുടെ മൂന്ന് കഷണങ്ങൾ, ക്രിസ്തുവിന്റെ രക്തം തളിക്കപ്പെട്ട കല്ലിന്റെ ഒരു കഷണം, ഒലിവുമലയുടെയും, അഹരോന്റെ വടിയുടെയും മൂന്ന് കഷണങ്ങൾ വീതം, മോശെയുടെ വടിയുടെ രണ്ട് കഷണങ്ങൾ, മോശെ കണ്ട തീ പിടിച്ച മുൾപ്പടർപ്പിന്റെ ഒരു കഷണം, ക്രിസ്തുവിന്റെ രക്തം തളിക്കപ്പെട്ട ഒരു സാധനത്തിന്റെ ഒരു കഷണം, കാൽവറിമലയുടെ പതിനൊന്ന് അംശങ്ങൾ, ഒലിവുമലയുടെ മറ്റ് രണ്ട് അംഗങ്ങൾ, കർത്താവ് ശിഷ്യന്മാരുടെ പാദങ്ങൾ തുടച്ച തുണിയുടെ ഒരു കഷണം, ക്രിസ്തുവിന്റെ കുപ്പായത്തിന്റെ ഒരു കഷണം, ക്രിസ്തുവിന്റെ തുന്നലില്ലാത്ത കുപ്പാ

യത്തിന്റെ ഒരു കഷണം, അവന്റെ ചുവന്ന കുപ്പായത്തിന്റെ ഒരു കഷണം, വി.വെറോണിക്കായ്ക്ക് കർത്താവിൽ നിന്ന് ലഭിച്ച തുണിയുടെ രണ്ട് കഷണങ്ങൾ, ഹെരോദാവിനാൽ അപഹസിക്കപ്പെട്ടപ്പോൾ ധരിപ്പിച്ച വെള്ള വസ്ത്രത്തിന്റെ മൂന്ന് കഷണങ്ങൾ, കർത്താവിന്റെ വിശുദ്ധ കണ്ണുകൾ കെട്ടിമറച്ച തുണിയുടെ മൂന്ന് കഷണങ്ങൾ, കർത്താവായ യേശുവിന്റെ താടിമീശയുടെ ഒരു കൂട്ടം, ക്രിസ്തുവിന്റെ വിയർപ്പ് തൂത്ത തുണി, മെഴുകുതിരികളുടെ മെഴുകിന്റെ ഒരു കഷണം, ക്രിസ്തുവിന്റെ കുരിശ് ഉറപ്പിച്ച ആപ്പിന്റെ ഒരു കഷണം, കുരിശ് നിന്ന പാറയുടെ മൂന്ന് കഷണങ്ങൾ, കർത്താവായ ക്രിസ്തുവിനെ ദണ്ഡിപ്പിക്കുകയും, ചമ്മട്ടിക്കൊണ്ട് അടിക്കുകയും ചെയ്ത തൂണിന്റെ പന്ത്രണ്ട് കഷണങ്ങൾ, യേശുവിനെ ബന്ധിച്ച കയറിന്റെ കഷണം, കർത്താവായ യേശുവിനെ അടിച്ച വടിയുടെ മൂന്ന് കഷണങ്ങൾ, ചമ്മട്ടിയുടെ മൂന്ന് കഷണങ്ങൾ, മുൾക്കിരീടം ധരിച്ചപ്പോൾ കർത്തായ യേശു ഇരുന്ന കല്ലിന്റെ ഒരു കഷണം, യേശുക്രിസ്തു വഹിക്കുമ്പോൾ ഉടഞ്ഞകല്ലിന്റെ ഒരു കഷണം, പുളിച്ച വീഞ്ഞ് കുടിക്കുവാൻ കൊടുത്ത സ്പോഞ്ചിന്റെ ഒരു കഷണം, കർത്താവായ യേശുവിന്റെ കിരീടത്തിന്റെ എട്ട് മുള്ളുകൾ, കർത്താവായ യേശുവിന്റെ കൈകളിലോ അല്ലെങ്കിൽ കാലുകളിലോ തറച്ച ഒരു ആണിയുടെ ഒരു വലിയ ഭാഗം, കർത്താവായ യേശുവിന്റെ പരിശുദ്ധമായ ശിരസ്സിനെ മുറിപ്പെടുത്തിയ ഒരു മുള്ള്, വി.കുരിശിന്റെ ഒരു കഷണം, വി.കുരിശിന്റെ മൂന്ന് കഷണങ്ങൾ ക്രിസ്തുവിന്റെ കുരിശിന്റെ മൂന്ന് വിധത്തിലുള്ള തടിയുടെ മൂന്ന് കഷണങ്ങൾ, വി.കുരിശിന്റെ വലിയ ഒരു കഷണം, വി.കുരിശിന്റെ ഇരുപത്തഞ്ച് കഷണങ്ങൾ, ക്രിസ്തുവിന്റെ കല്ലറയിൽ വെച്ച കല്ലിന്റെ ഒരു കഷണം, ക്രിസ്തുവിന്റെ കല്ലറയുടെ ഇരുപത്തിരണ്ട് കഷണങ്ങൾ, ക്രിസ്തു ഏത് കല്ലിന്മേൽ നിന്ന് സ്വർഗ്ഗാരോഹണം ചെയ്തുവോ ആ കല്ലിന്റെ ഒരു കഷണം, വെള്ളിയിൽ അലംകൃതമായ ഒരു പെട്ടിയിൽ കണ്ട് 16078 സാധനങ്ങൾ, പുണ്യാവശിഷ്ടങ്ങളുടെ 76 കഷണങ്ങൾ, പുണ്യസ്ഥലങ്ങളിൽ നിന്ന് ഉള്ളതും തിരിച്ചറിയുവാൻ നിർവാഹമില്ലാത്തതുമായ അസ്ഥികൾ.

മൊത്തത്തിൽ : 5005 സാധനങ്ങൾ. ഓരോ സാധനത്തിനും പാപമോചനത്തിന്റെ 100 ദിവസങ്ങൾ വീതം. ആകെ എട്ട് ഹാളുകൾ. ഓരോ ഹാളിനും കൂടുതലായി പാപവിമോചനത്തിന്റെ 101 ദിവസങ്ങൾ. അവയിൽ പങ്കാളികളാകുന്നവർ ഭാഗ്യമുള്ളവരാണ്.

ഈവിധത്തിൽ പ്രസിദ്ധിയാർജ്ജിച്ച ദൈവാലയത്തിന്റെ വാതിലിന്മേലാണ് ലൂഥർ തന്റെ വാദപ്രസ്താവനകൾ ഏവരുടെയും ശ്രദ്ധ ആകർഷിക്കുവാൻ പതിച്ചത്. പ്രസ്തുത വാദപ്രസ്താവനകളിൽ കൂടി ലൂഥർ വെളിപ്പെടുത്തിയ പ്രധാന ചിന്തകൾ താഴെച്ചേർക്കുന്നു.

# പ്രസ്താവനകൾ - മാർട്ടിൻ ലൂഥറുടെ തർക്ക ശാസ്ത്രങ്ങൾ (പാപമോചനച്ചീട്ടുകളുടെ ശക്തിയും പ്രയോജനവും സംബന്ധിച്ച് മാർട്ടിൻ ലൂഥർനടത്തുന്ന ചർച്ച-ഒക്ടോബർ 31)

സ്നേഹത്താലും സഭയെക്കുറിച്ചുള്ള കരുതലിനായും സത്യം വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരപ്പെടണം എന്ന ആഗ്രഹത്താലും താഴെപ്പറയുന്ന കാര്യങ്ങൾ വിറ്റൻബർഗിൽ ഒരു പൊതുചർച്ചയ്ക്കായി അവതരിപ്പിക്കുന്നു. കലയിലും വേദശാസ്ത്രത്തിലും മാസ്റ്റർ ബിരുദധാരിയും ഈ വിഷയങ്ങളിൽ സമീപകാലത്ത് ലക്ചററായി നിയമിതനുമായ റവ. ഫാദർ മാർട്ടിൻ ലൂഥർ ഈ സംവാദം നയിക്കുന്നു. നേരിൽ വന്നു എന്നോട് ഇതിനെക്കുറിച്ച് വാദിക്കാൻ കഴിയാത്തവർക്ക് എഴുത്തു മുഖേനയായി അങ്ങനെ ചെയ്യാം എന്ന് അറിയിക്കട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ – ആമേൻ.

**1–7 യഥാർത്ഥ മാനസാന്തരവും പുരോഹിതന്മാരുടെ പാപമോചനത്തിനുള്ള അധികാരവും**

1. നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തു 'നിങ്ങൾ മാനസാന്തരപ്പെടുവിൻ' എന്ന വചനത്താൽ വിശ്വാസികളുടെ മുഴുവൻ ജീവിതവും മാനസാന്തര ജീവിതമായി രിക്കണമെന്ന് നിർദ്ദേശിക്കുന്നു.
2. മാനസാന്തരമെന്ന ഈ പദം പട്ടക്കാരന്റെ ശുശ്രൂഷയിലുള്ള ഒരു പാപം ഏറ്റുപറച്ചിലും പ്രായശ്ചിത്തവുമായി കരുതാൻ പാടില്ല.
3. സ്വന്തം അധികാരത്തിലോ സഭാ ചട്ടങ്ങളാലോ ചുമത്തിയിട്ടുള്ള ശിക്ഷകളല്ലാതെ മറ്റു യാതൊന്നും മോചിക്കുന്നതിന് പോപ്പിന് അധികാരമോ അവകാശമോ ഇല്ല.
4. മരിച്ചവർ ഈ ലോകത്തിലെ സഭാനിയമങ്ങളിൽ നിന്നും വിമോചിതരാവുന്നു. അവരെ ശിക്ഷിക്കുവാനും രക്ഷിക്കുവാനും പോപ്പിന് സാദ്ധ്യമല്ല.
5. യഥാർത്ഥമായി അനുതപിക്കുന്ന സകല ക്രിസ്ത്യാനികൾക്കും പാപമോചന പത്രിക കൂടാതെ തന്നെ നരകശിക്ഷയിൽ നിന്നുള്ള പരിപൂർണ്ണ മോചനത്തിന് അവകാശമു ണ്ട്.
6. ധാർമ്മികമായ സത്പ്രവൃത്തികൾക്കതീതമാണ് അപ്പൊസ്തലിക മോചനങ്ങൾ എന്ന മിഥ്യബോധം ജനങ്ങൾക്കുണ്ടാകാത്ത വിധം അവ കരുതലോടെ പ്രസ്താവിക്കേണ്ടതാകുന്നു.
7. ദൈവത്തിന്റെ പ്രതിനിധിയായ സഭാപുരോഹിതന്റെ മുന്നിൽ വിനയപ്പെട്ട് പാപം ഏറ്റുപറയുന്നതിനൊപ്പം പാപപരിഹാർത്ഥം ദൈവസന്നിധിയിലും അനുതപിച്ച് പ്രായശ്ചിത്തം ചെയ്യുന്നവനാണ് പാപമോചനത്തിന് യോഗ്യൻ. അല്ലാത്തവൻ ക്ഷമിക്കപ്പെടാത്ത നില

യിൽ തന്നെതുടരും.

**8-29 മരിച്ചവർക്കും പാപമോചനം**

8. മാനസാന്തരത്തെക്കുറിച്ചുള്ള സഭാനിയമങ്ങൾ ജീവിച്ചിരിക്കുന്നവർക്കു മാത്രം ബാധകമായവയാണ്. ആകയാൽ മരണമടഞ്ഞവരുടെമേൽ ഈ നിയമങ്ങൾ അടിച്ചേൽപ്പിക്കാനാവില്ല.
9. അതുപോലെ പോപ്പിലുള്ള പരിശുദ്ധാത്മാവ് നമ്മിൽ സ്നേഹവും കരുണയും പ്രകടിപ്പിക്കുന്നു. എന്തെന്നാൽ ജീവിച്ചിരിക്കുന്ന നമ്മുടെ മരണം, ആപത്തുകൾ ഇവയിൽ തീർപ്പു കല്പിക്കാൻ പോപ്പിന്റെ നിയമങ്ങൾ പരിശുദ്ധാത്മാ സഹായത്താൽ സംഭവിക്കുന്നു.
10. സഭാനിയമങ്ങളെപ്രതി മരിച്ചുകൊണ്ടിരിക്കുന്നവർക്ക് പാപപരിഹാരം വരുത്തുകയും അതുമൂലം മൃതാത്മ പാപമോചന സ്ഥാനം സംവരണം ചെയ്യുകയും ചെയ്യുന്ന പൗരോഹിത്യപ്രവൃത്തി യുക്തിരഹിതവും അനാരോഗ്യകരവുമാണ്.
11. സഭാപരമായ പിഴവുകൾ ദുരുപയോഗപ്പെടുത്തി അതിനെ മൃതാത്മ പാപമോചന സ്ഥാനത്തേയ്ക്കുള്ള പിഴയായി മാറ്റുന്ന പ്രവൃത്തി ബിഷപ്പുമാരുടെ ഉറക്കത്തിനിടയിൽ വിതക്കപ്പെട്ട കളയാണ് എന്നതാണ് സത്യം (മത്തായി 13:25).
12. പണ്ടുകാലത്ത് സഭാനിയമപരമായ പിഴകൾ ചുമത്തിയിരുന്നത്, പശ്ചാത്തലം, യഥാർത്ഥ മാനസാന്തരം, ശിക്ഷകൾ ഇവയ്ക്കു പിന്നാലെയല്ല അതിനു മുമ്പായിരുന്നു.
13. മരണത്തോടുകൂടി ഒരുവൻ തന്റെ സർവ്വ പിഴകളും ഒടുക്കി തീർക്കുന്നതിന്റെ ബാദ്ധ്യതകളിൽ നിന്നും മുക്തനാകുന്നു. മരണശേഷം ഒരു നിയമവും അവനെ ബാധിക്കുന്നി ല്ല.
14. മരിച്ചുകഴിഞ്ഞിരിക്കുന്ന ഒരുവനോടു കാട്ടുന്ന ഭക്തിപരവശതകൾ സ്നേഹക്കുറവിനാൽ കാട്ടുന്ന അപക്വ ഭക്തിയും കടുത്ത ഭയത്തിൽ നിന്നുളവാകുന്നതുമാണ്. സ്നേഹം കുറയുമ്പോൾ ഭയം അധികരിക്കും.
15. മറ്റെന്തു തന്നെ പറഞ്ഞാലും മൃതാത്മപാപമോചന സ്ഥാനത്തെക്കുറിച്ചുള്ള വേദന നിരാശയോടും ഭയത്തോടും ചേർന്നു നിൽക്കുന്നു. ഈ തന്നിൽതന്നെയുള്ള ഭയം അവിശ്വാസത്തിന്റെ ഭയങ്കര അവസ്ഥയാണ്.
16. നരകത്തിനും പർഗറ്ററിക്കും സ്വർഗ്ഗവുമായി എത്ര അകലമുണ്ടോ അതുപോലെ അവിശ്വാസവും അനിശ്ചതത്വവും നിശ്ചയവുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.
17. സത്യത്തിൽ പർഗറ്ററിയിലുള്ള ആത്മാക്കളുടെ വേദന ശമിപ്പിക്കാൻ എന്നവണ്ണം അതിനനുസൃതമായ സ്നേഹവർദ്ധനയാണ് സംഭവിക്കുന്നത്.
18. അവർ ഇനിയും പുണ്യങ്ങളുടെ പരിധിക്കു പുറത്തും കൃപയിൽ വളരാൻ അസാദ്ധ്യമായസാഹചര്യത്തിലുമാണ്. അങ്ങനെയല്ല എന്ന് യുക്തിയുടെയോ തിരുവെഴുത്തുക

ളുടെയോ അളവുകളിനാൽ നിർണ്ണയിക്കുക അസാദ്ധ്യം.

19. ഈ കാര്യത്തെക്കുറിച്ച് നമുക്കു വേണ്ടത്ര നിശ്ചയമുണ്ടായിരിക്കെത്തന്നെ പരേതാത്മാക്ക ളുടെ പർഗറ്ററിയിലെ അവസ്ഥയെക്കുറിച്ച് നിശ്ചയമോ രക്ഷാ ഉറപ്പോ എല്ലായ്പ്പോഴും ഇല്ലതന്നെ.
20. ആകയാൽ സകല പിഴകളെയും പോപ്പ് ഇളച്ചുകൊടുത്തു എന്ന് പറയുമ്പോൾ നിയതമായ അർത്ഥത്തിൽ അത് 'സകലവും' അല്ല. കാരണം പോപ്പിന് പോപ്പ് ചുമത്തിയ പിഴകൾ മാത്രമേ പൊറുത്തു കൊടുക്കാനാവൂ.
21. അതുകൊണ്ടുതന്നെ പാപമോചന പത്രിക വഴി പോപ്പിനാൽ സകല പിഴകളും പൊറുത്തുകിട്ടുകയും അവർ ചേർത്തുകൊള്ളപ്പെടുകയും ചെയ്യും എന്ന് പാപമോചനച്ചീട്ടു പ്രസംഗിമാർ പറഞ്ഞുനടക്കുന്നത് തെറ്റാണ്.
22. വർത്തമാനകാലത്ത് സഭ നിയമപ്രഖ്യാപനം വഴി പിഴ ബാദ്ധ്യതകളുമായി ജീവിക്കേണ്ടി വരുന്നവർക്ക് പർഗറ്ററിയിലുള്ള ആത്മാക്കൾക്കായി യാതൊരു പിഴയും കൊടുത്തു തീർക്കാനാവില്ല.
23. പൂർണ്ണമായി ആർക്കെങ്കിലും മുൻകൂർ മോചനം ലഭിച്ചിട്ടുണ്ടെങ്കിൽത്തന്നെ, അത് ഏറ്റവും പരിശുദ്ധന്മാർക്കു വേണ്ടിയാണ്. അവർ വളരെ ചുരുക്കം പേരാകും.
24. ശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെടുമെന്ന് വിവേചനരഹിതമായി വലിയ ശബ്ദത്തിലും ഉറച്ച വാഗ്ദത്തങ്ങളിലും പറഞ്ഞുകൊണ്ട് നടക്കുന്നവരാൽ കബളിപ്പിക്കപ്പെട്ട് നല്ലൊരു ഭാഗം ജനം വഞ്ചിതരാവുകയാണ്.
25. പർഗറ്ററിയുടെമേൽ പോപ്പ് ഉപയോഗിക്കുന്ന പൊതു അധികാരം ഓരോ ബിഷപ്പും പട്ടക്കാരനും അവുടെ പ്രവൃത്തിമേഖലയിൽ കൈകാര്യം ചെയ്യുന്ന അധികാരത്തിന് തുല്യംതന്നെ അല്ലാതെ അതിന് വലിയ മറ്റൊരു പ്രത്യേകത ഇല്ല.
26. പരേതാത്മാക്കൾക്കായുള്ള മദ്ധ്യസ്ഥന്മാർ വഴി പർഗറ്ററിയിലെ ആത്മാക്കൾക്ക് പോപ്പ് അതിവിദഗ്ധമായി മോചനം നൽകുന്നു. ഇത് താക്കോലുകളുടെ ഉപയോഗപ്രകാരമല്ല. അത് അദ്ദേഹത്തിന് അവർക്കായി ചെയ്യാനാകില്ല.
27. കാണിക്കാ കലത്തിൽ നാണയത്തുട്ടുകൾ പതിക്കുന്ന അതേ നിമിഷം വേഗത്തിൽ പർഗേറ്ററി യിൽ നിന്നും ആത്മാക്കൾ പറന്നു പോകും എന്ന് പ്രസംഗിക്കുവാൻ തക്ക ദിവ്യാധികാരം ആർക്കുമില്ല. അതു വെറും മനുഷ്യപ്രചാരണമാണ്.
28. കാണിക്കാ പാത്രത്തിൽ നാണയത്തുട്ടുകൾ വീണ് കുലുങ്ങുമ്പോൾ ആർത്തിയും പണക്കൊതിയുമാണ് വർദ്ധിക്കുക. എന്നാൽ സഭ മദ്ധ്യസ്ഥത വഹിക്കുന്ന വേളയിൽ അതിന്റെ ഫലം ദൈവേഷ്ടത്തിനു വിധേയമായി മാത്രമായിരിക്കും.
29. വിശുദ്ധ സെവേറിനസും വിശുദ്ധ പാസ്കലും പറഞ്ഞതായി പറയപ്പെടുന്ന ഐതിഹ്യത്തിൻ പ്രകാരം പർഗറ്ററിയിലെ ആത്മാക്കൾ രക്ഷിക്കപ്പെടാൻ ആഗ്രഹിച്ചരിക്കുന്നുവെന്ന്

ആർക്കു പറയാനാകും?

**30-40 ജീവിച്ചിരിക്കുന്നവർക്ക് പാപമോചനചീട്ട്**

30. ഒരുവനും തന്റെ തന്നെ അനുതാപത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് നിശ്ചയമില്ല. തനിക്ക് തീർച്ചയായും മോചന ലബ്ധി ഉണ്ടായി എന്ന് മുൻകൂട്ടി പറയുന്നതും തെറ്റാണ്.
31. പാപമോചനച്ചീട്ട് വാങ്ങുന്നവരെല്ലാം ഉത്തമവിശ്വാസികളും യഥാർത്ഥ അനുതാപികളും ആകണമെന്നില്ല. അങ്ങനെയുള്ളവർ അപൂർവമായേ കാണൂ.
32. പാപമോചനച്ചീട്ടുവഴി സ്വന്തരക്ഷ ഉറപ്പാക്കുന്ന എല്ലാ വിശ്വാസികളും അവരുടെ ഉപദേശകർക്കൊപ്പം നിത്യനാശപാത്രരാകും.
33. പോപ്പിന്റെ പാപമോചനപത്രിക ഊഹാതീതമായ ദൈവിക ദാനമാണെന്നും അതുവഴി മനുഷ്യൻ ദൈവവുമായി നിരപ്പിക്കപ്പെടുമെന്നും പറയുന്നവർക്കെതിരെ നാം അത്യന്തം കരുതലും ജാഗ്രതയും ഉള്ളവരായിരിക്കണം.
34. പാപമോചച്ചീട്ടുവഴിയുള്ള കൃപ തിരുവത്താഴം വഴിയുള്ള സാക്രമെന്തിക മോചനത്തിന് തുല്യരാണെന്നു പറയുമ്പോൾ വെറും മാനുഷിക ഉത്തരവ് നൽകുന്നതാണ്.
35. ആത്മാക്കളെയും വിശ്വാസികളെയും വിലയ്ക്കു വാങ്ങുകയോ വിൽക്കുകയോ ചെയ്യാമെന്നു പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവർ ക്രിസ്തീയ ഉപദേശാനുസരണമല്ല അങ്ങനെ ചെയ്യുന്നത്. ഇതുപ്രകാരം തങ്ങളുടെ പാപങ്ങൾക്കായി അനുതപിക്കേണ്ട ആവശ്യമേ അവർക്കുണ്ടാകുന്നില്ല.
36. യഥാർത്ഥമായ മാനസാന്തരപ്പെടുന്ന എല്ലാ ക്രിസ്ത്യാനികളും കുറ്റബോധമോ പിഴയോ അവ ശേഷിക്കാതെ പൂർണ്ണമായും മോചിതരാകുന്നു. അതിലേയ്ക്കായി പാപമോചന പത്രികയുടെ ആവശ്യമില്ല.
37. ജീവിച്ചിരിക്കുന്നവരായാലും മരിച്ചവരായാലും സകല ക്രിസ്ത്യാനികളും ക്രിസ്തുവിന്റെയും, സഭയുടെയും സകലവിധ നന്മകളുടെയും പങ്കാളികളാണ്. പാപമോചനചീട്ടിന്റെ അക്ഷരങ്ങൾ കൂടാതെ തന്നെ ദൈവം ലഭ്യമാക്കിക്കൊടുക്കുന്ന ദാനമാണ് ഈ പങ്കാളിത്തം.
38. എന്നാൽ നാം പോപ്പിന്റെ മാപ്പും വിധികളും സഭാ നന്മകളും തിരസ്ക്കരിക്കേണ്ടതില്ല. എന്തെന്നാൽ അവ ദൈവിക ക്ഷമയെ (6-ാം പ്രമാണത്തിൽ മുൻ സൂചിപ്പിച്ച പ്രകാരം) പ്രഖ്യാപിച്ചിരിക്കുന്നു.)
39. മഹാ ഔദാര്യമായി പരസ്യപ്പെടുത്തുന്ന പാപമോചനച്ചീട്ടിന്റെ ആവശ്യകതയും പ്രയോജനവും ശരിയാംവിധം വ്യാഖ്യാനിച്ചുകൊടുക്കാൻ ഏറ്റവും പണ്ഡിതരായ ദൈവശാസ്ത്രജ്ഞന്മാർക്കു പോലും വളരെ വിഷമമാണ്. കാരണം അതു അനുതാപത്തെ ഒരു സൽഗുണമായി സ്തുതിക്കുന്നു.
40. ഒരു യഥാർത്ഥ അനുതാപി അവന്റെ പാപത്തിന്റെ പിഴകൾക്കു പകരം ചെയ്യാൻ അന്വേഷിക്കുന്നവനും മനസ്സുള്ളവനുമായിരിക്കും. എന്നാൽ പാപമോചനച്ചീട്ടിന്റെ ബാഹുല്യവും ലഭ്യതയും ശിക്ഷകളെ കുറയ്ക്കുകയും ശിക്ഷകളെ വെറുക്കുകയും ചെയ്യാനും അതുവഴി മനുഷ്യ മനഃസാക്ഷിയെ നിർവീര്യമാക്കി കുരിശുകളെ വെറുക്കാൻ പ്രേരക

മാവുകയും ചെയ്യും.

**41–52 പാപമോചനച്ചീട്ടും സത്പ്രവൃത്തികളും**

41. പോപ്പിന്റെ പാപമോചനച്ചീട്ടിനെക്കുറിച്ച് ജാഗ്രതയോടെ മാത്രം പ്രസംഗിക്കണം. അല്ലാത്ത പക്ഷം ജനങ്ങൾക്ക് തെറ്റായ വിവരമായിരിക്കും ലഭിക്കുക. സ്നേഹം പോലുള്ള സത്കർമ്മങ്ങളെക്കുറിച്ച് അവർ ചിന്തിക്കട്ടെ.
42. പാപമോചനം പണംകൊടുത്തു വാങ്ങുന്നത് ഒരു കാരുണ്യ പ്രവൃത്തിയാണെന്ന് ജനം തെറ്റിദ്ധരിക്കരുത്. പോപ്പ് അത് അർത്ഥമാക്കുന്നുമില്ല എന്ന് ക്രിസ്ത്യാനികളെ പഠിപ്പിക്കണം.
43. പാപമോചന പത്രിക വാങ്ങുന്നതിനേക്കാൾ എത്രയോ അഭികാമ്യമാണ് ദരിദ്രനെ സഹായിക്കുന്നതും ആവശ്യത്തിലിരിക്കുന്നവർക്ക് കടംകൊടുത്തു സഹായിക്കുന്നതുമെന്ന് ക്രിസ്ത്യാ നികളെ ബോധവാന്മാരാക്കണം.
44. എന്തെന്നാൽ സ്നേഹപ്രവൃത്തികൾ വഴി സ്നേഹവർദ്ധന പ്രാപിക്കുകയും ഒരുവൻ കൂടുതൽ ശ്രേഷ്ഠ മനുഷ്യനാകുകയും ചെയ്യും. പാപമോചനച്ചീട്ടുവഴി ഒരുവന് കൂടുതൽ നല്ല മനുഷ്യനാക്കുകയല്ല ചില പിഴകളിൽ നിന്ന് രക്ഷിക്കുക മാത്രമാണ് ലക്ഷ്യം.
45. ആവശ്യത്തിലിരിക്കുന്ന ഒരുവനെ ക്രിസ്ത്യാനി കണ്ടിട്ടും ശ്രദ്ധിക്കാതെ കടന്നുപോയിട്ട് പോപ്പിന്റെ പാപമോചനച്ചീട്ടിന് കാശുമുടക്കുമ്പോൾ പോപ്പിന്റെ ക്ഷമ അവന് പ്രാപ്യമാകുന്നില്ല എന്നുമാത്രമല്ല, ദൈവകോപം വിലയ്ക്കു വാങ്ങുന്നവനാകുകയാണ് എന്ന് ക്രിസ്ത്യാ നികളെ പഠിപ്പിക്കണം.
46. പാപമോചനച്ചീട്ടിന്റെ പേരിൽ ധൂർത്തടിക്കുന്നവർ തങ്ങളുടെ ഭവനത്തിനായി നിക്ഷേപം സ്വരൂപിക്കണമെന്നറിയാത്തവരും തങ്ങളുടെ ഭവനത്തിന് ആവശ്യത്തിലധികം ഉള്ളവരും ആണെന്ന് ക്രിസ്ത്യാനികളെ ഗ്രഹിപ്പിക്കണം.
47. കടപ്പാടും നിർബന്ധവും കൊണ്ടല്ല, സ്വമേധയായിട്ടായിരിക്കണം പാപമോചനച്ചീട്ട് വാങ്ങേണ്ടതെന്ന് ക്രിസ്ത്യാനികളെ ഓർമ്മപ്പെടുത്തണം.
48. പാപമോചനം മറ്റുള്ളവർക്ക് ദാനം ചെയ്യുന്ന പോപ്പ് തന്നെ അനേകം കുറവുകളുള്ളവയാളാണ്. അതുകൊണ്ട് അദ്ദേഹത്തിന് ജനത്തിന്റെ പണമല്ല പ്രാർത്ഥനയാണ് കൂടുതൽ ആവശ്യമായിരിക്കുന്നത് എന്ന തിരിച്ചറിവ് ക്രിസ്ത്യാനികൾക്കുണ്ടാവണം.
49. പോപ്പിന്റെ പാപമോചനച്ചീട്ടിൽ വിശ്വസിക്കുന്നവർക്ക് പോപ്പ് നൽകുന്നു എന്ന് കരുതുന്ന നന്മ ഒരളവുവരെ ലഭ്യമാകും. എന്നാൽ സംതൃപ്തരായ ഇവർക്ക് ദൈവഭയം നഷ്ടപ്പെടുകയാൽ അത് വലിയ ദോഷകാരണമാകുമെന്ന് ക്രിസ്ത്യാനികളെ ഓർമ്മിപ്പിക്കണം.
50. സമ്മർദ്ദവും അധികാരവും ഉപയോഗിച്ച് പണം വാങ്ങി കൂട്ടാനായി പാപമോചനച്ചീട്ട് കച്ചവടപ്രസംഗം നടത്തുന്നത് പോപ്പ് അറിയുന്നുണ്ടെങ്കിൽ കർത്താവിന്റെ ആടുകളെ എല്ലും തൊലിയും മാംസവും ആക്കി പിഴിഞ്ഞ് വിശുദ്ധ പത്രോസിന്റെ പള്ളി പണിയു

ന്നതിനെക്കാൾ ചാമ്പലുകൊണ്ടു പള്ളി പണിയുന്നത് എത്രയോ ശ്രേഷ്ഠം എന്ന വസ്തുത ക്രിസ്ത്യാനികളറിയണം.

51. നയമായി സംസാരിച്ച് പണം ശേഖരിക്കുന്ന പാപമോചന കച്ചവടക്കാരാൽ ജനം ചൂഷണം ചെയ്യപ്പെടാതെ അതിനു പകരം പത്രോസിന്റെ പള്ളി വിറ്റിട്ടായാലും ഇതിന്റെ പേരിൽ പിരിച്ച പണം തിരികെ പോപ്പ് സ്വന്തം കീശയിൽ നിന്നും തിരിച്ച് നൽകപ്പെടേണ്ടതാണെന്ന് മനസ്സിലാക്കട്ടെ.
52. പാപമോചന പത്രിക വഴി പാപക്ഷമ പ്രാപിക്കാമെന്നത് വ്യാജ ചിന്തയാണ്. അത് ഒഴിവാക്കണം. പോപ്പിന്റെ പ്രതിനിധികളോ പോപ്പ് തന്നെയോ തങ്ങളുടെ ജീവൻ പണയപ്പെടുത്തി പാപമോചന വാഗ്ദാനം തന്നാലും അതു കള്ളം, കള്ളം.

**53–80 പാപമോചനച്ചീട്ടിന്റെ പ്രചാരണം**

53. പാപമോചനച്ചീട്ടു വില്പനയുടെ പ്രസംഗത്തിന്റെ പേരിൽ പല പള്ളികളിലും വചന പ്രസംഗശുശ്രൂഷ ഒഴിവാക്കുന്നവർ പോപ്പിനും ക്രിസ്തുവിനും ശത്രുക്കളായവരാണ്.
54. ഒരു പള്ളി പ്രസംഗത്തിൽ പാപമോചനച്ചീട്ടു കാര്യത്തിൽ വചനത്തെക്കാളോ വചനത്തിനൊപ്പമോ സ്ഥാനവും സമയവും ചെലവിടുകയാണെങ്കിൽ അത് ദൈവവചനത്തെ മുറിവേൽപ്പിക്കലാണ്.
55. ഒരു മണിനാദം, ഒരു ഘോഷയാത്ര, ഒരു ആചരണം ഇവയുടെ ഒക്കെ അകമ്പടിയോടെയാണ് പാപമോചനച്ചീട്ട് മാഹാത്മ്യം വിവരിക്കുന്നതെങ്കിൽ സുവിശേഷഘോഷണത്തിന് ഇതിന്റെയെല്ലാം നൂറുമടങ്ങ് അകമ്പടിയുണ്ടാകണമെന്ന് ഓർമ്മിപ്പിക്കുവാൻ പോപ്പിന് ജാഗ്രതയുണ്ടായിരിക്കണം.
56. പോപ്പിന്റെ പാപമോചനച്ചീട്ടിനെക്കുറിച്ചല്ലാതെ സഭയിലെ ഇതരനിക്ഷേപാനുഗ്രഹങ്ങളെക്കുറിച്ചുള്ള ശരിയായ അറിവോ ആവശ്യമോ സംഭാഷണങ്ങളോ ക്രിസ്തുവിന്റെ ജനങ്ങൾക്കിടയിൽ ഇല്ല.
57. സഭയുടെ തനതു നിക്ഷേപങ്ങൾ താല്ക്കാലികമായത് അല്ല എന്നു വ്യക്തം. ഒരു വ്യാപാരിക്കും ഇതു സൗജന്യമായി നൽകാനാവില്ല. വ്യാപാരികൾക്ക് സ്വത്തു ശേഖരിക്കാൻ മാത്രമേ കഴിയൂ.
58. ക്രിസ്തുവിന്റെ നന്മകൾ പോപ്പിനെ കൂടാതെ തന്നെ ആന്തരിക മനുഷ്യനിൽ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. കുരിശും മരണവും നരകവും ബാഹ്യമനുഷ്യനിൽ ക്രിയ ചെയ്യുന്നു.
59. 'സഭയുടെ നിക്ഷേപങ്ങളാണ് ദരിദ്രർ' എന്ന് വിശുദ്ധ ലോറൻസ് പറഞ്ഞു. പക്ഷേ ഈ പദം ഉപയോഗിച്ചത് അദ്ദേഹത്തിന്റെ കാലത്തെ ആചാരപ്രകാരമാണ്.
60. സഭയുടെ ഇന്നത്തെ നിക്ഷേപങ്ങളെയെല്ലാം തന്നെ സഭയുടെ താക്കോലുകളും ക്രിസ്തു

വിന്റെ പുണ്യങ്ങളുടെ പ്രദർശനവുമാണെന്ന് തറപ്പിച്ചു നമുക്കു പറയാനാവില്ല

61. പോപ്പിന്റെ ശക്തി അത് ശിക്ഷാ ഇളവോ രക്ഷാ സംവരണോ എന്തു തന്നെയായാലും ക്രിസ്തുവിന്റെ കൃപയുടെ പിൻതുടരൽ മാത്രമാണത്.
62. സഭയുടെ ശരിയായ നിക്ഷേപം മഹത്വത്തിന്റെ വിശുദ്ധ സുവിശേഷവും ദൈവകൃപ യു മാണ്.
63. ഈ ശരിയായ ദൈവനിക്ഷേപങ്ങളെ ഏറ്റവും നിന്ദ്യമാക്കുമ്പോൾ ഒന്നാമത്തേതിനെ ഒടുവിലേത്തതാക്കി അവഹേളിക്കുകയാണ്.
64. ഇനിയൊരു വിധത്തിൽ പാപമോചനച്ചീട്ടു നിക്ഷേപത്തെ ഏറ്റവും മുഖ്യപ്പെടുത്തുക വഴി ഏറ്റവും അവസാനത്തേതിന്റെ ഏറ്റവും പ്രഥമമായതാക്കി കുഴമറിക്കുകയാണ്.
65. അതുകൊണ്ട് മുൻകാലങ്ങളിൽ സുവിശേഷ നിക്ഷേപങ്ങളെ ഒരു വലയാക്കി ധനി കരെ പിടിച്ചെടുത്തുപോന്നു.
66. ഇന്ന് പാപമോചനച്ചീട്ടു നിക്ഷേപത്തെ ഒരു വലയാക്കി മനുഷ്യരെ പണത്തിനായി പിടിച്ചെടു ക്കുകയാണ്.
67. പണം ഉണ്ടാക്കാനായി പാപമോചനച്ചീട്ടു വില്പനം ഏറ്റവും പറ്റിയ മാർഗ്ഗമാണെന്നറി യാ വുന്ന കച്ചവടക്കാർ ഇതിനെ വാനോളം പുകഴ്ത്തുന്നു. ഇതു ലാഭം കൊണ്ടുവരു മെന്ന് അവർക്ക് നല്ലവിധം അറിയാം.
68. ഒരിക്കലും ഇതിനെ ദൈവകൃപയുമായി, ക്രൂശിൽ വെളിപ്പെട്ട ക്രിസ്തുവിന്റെ മനസ്സലി വുമായും താരതമ്യം ചെയ്യുന്നില്ല.
69. പോപ്പിന്റെ പാപമോചനച്ചീട്ടിന്റെ വക്താക്കളെ ചട്ടപ്രകാരം സകല ആദരവോടും സ്വീക രിക്കപ്പെടണം എന്നതാണ് ബിഷപ്പുമാർക്കും സൂപ്രണ്ടുമാർക്കും നല്കപ്പെട്ടിരിക്കുന്ന കല്പന.
70. എന്നാൽ ഇതിനേക്കാളും വലിയ ചുമതലയാണ് അവർക്കുള്ളത്. ഇവർ പോപ്പ് അവരെ നിയോഗിച്ചിരിക്കുന്ന കാര്യത്തിനു വേണ്ടിതന്നെയാണോ അതോ സ്വതാല്പര്യ ങ്ങൾക്കും ഇംഗിതങ്ങൾക്കും ഏറ്റ വിധത്തിലാണോ പ്രസംഗിക്കുന്നത് എന്ന് സൂക്ഷ്മ മായി നിരീ ക്ഷിക്കേണ്ടതാണ്.
71. പാപമോചനത്തിന്റെ അപ്പൊസ്തലിക സ്വഭാവം നിഷേധിക്കുന്നവർ ആരായാലും അവർ വെറുക്കപ്പെടുകയും ശപിക്കപ്പെടുകയും ചെയ്യട്ടെ.
72. മറിച്ച് ഈ പാപമോചന കച്ചവടക്കാരുടെ വാക്കുകളെ ആദരിക്കുകയോ അതിനനു വാദം കൊടുക്കുകയോ ചെയ്യാതെ അതിനെ എതിർക്കുന്നവരെല്ലാം ആശീർവദിക്ക പ്പെ ട്ടവരാകട്ടെ.

73. അതേ വിധത്തിൽ ഈ പാപമോചനച്ചീട്ടു വ്യാപാരികളുടെ മേൽ പോപ്പ് ശരിയായ നട പടികളെടുത്ത സഭാ ഭ്രഷ്ടരാക്കി ശിക്ഷിക്കട്ടെ.

74. വിശുദ്ധ സ്നേഹത്തിനും സത്യത്തിനും എതിരായി പാപമോചന പത്രിക വില്പന ആദായകരമാക്കിയിരിക്കുന്നവരെ സഭയിൽ നിന്നും പുറത്താക്കി പോപ്പിന്റെ താല്പര്യം സംരക്ഷിക്കുന്നവരെ പോപ്പു കരുതണം. മറ്റവർക്കെതിരെ ഇടിമുഴക്കം പോലെ ഗർജ്ജിക്കണം.

75. ദൈവമാതാവിനെ അപകീർത്തിപ്പെടുത്തി നിന്ദിച്ചു പെരുമാറുന്നവനോട് ക്ഷമിക്കാനാവാത്തവിധം കുറ്റകരമായ പ്രവൃത്തിയാണ് പാപമോചനച്ചീട്ടു വില്പനയിലും നടക്കുക. ഇവരെ ന്യായീകരിക്കുന്നതും സഹിക്കുന്നതും ഭ്രാന്തത്തരമാണ്.

76. അവരുടെ കുറ്റബോധത്തെ സംബന്ധിച്ചിടത്തോളം അവരുടെ പിഴവുകളുടെ ഒരംശം പോലും പോപ്പിനു താനായിട്ടു ക്ഷമിച്ചുകൊടുക്കാൻ കഴിയുകയില്ല എന്നതാണ് വസ്തുത.

77. വിശുദ്ധ പത്രോസിന്, അദ്ദേഹം ഇപ്പോഴത്തെ പോപ്പായിരുന്നാലും വലിയ കൃപകൾ നല്കാൻ  കഴിയുമായിരുന്നു എന്ന് പറയുന്നത് പത്രോസിനും പോപ്പിനും എതിരായ ദൈവദൂഷണമാ  ണ്.

78. ഇതിനു വിരുദ്ധമായി നാം ഉറപ്പിച്ചു പറയുന്നത് പാപമോചനച്ചീട്ടിനേക്കാൾ വലിയ കൃപകൾ;  അത് പത്രോസായാലും ഏത് പോപ്പായാലും കൈവശം വച്ചിരിക്കുന്നു. അതായത്, സുവിശേഷം ആത്മീയശക്തി, രോഗസൗഖ്യവരം, ആദിയായവ. 1 കൊരി 12–ൽ പറഞ്ഞിരിക്കും പ്രകാരം.

79. പദവി മുദ്രകളായി ഇന്നത്തെ പോപ്പ് കൈയിൽ പിടിച്ചിരിക്കുന്ന കുരിശിനും ക്രിസ്തു ക്രൂശിതനായി മരിച്ച കുരിശിനും ഒരേ മൂല്യങ്ങളാണുള്ളതെന്ന് പറയുന്നത് ദൈവനിന്ദയാണ്.

80. ബിഷപ്പുമാർ, പ്രമാണിമാർ, ദൈവശാസ്ത്രജ്ഞർ തുടങ്ങി പാപമോചനചീട്ടു വിളമ്പരക്കാരെ തടസ്സപ്പെടുത്താതെ സഹിക്കുകയും അനുസരിച്ചു കൊടുക്കുകയും ചെയ്തു കൊണ്ടിരിക്കുന്നവരെല്ലാം കണക്കു കൊടുക്കേണ്ടിവരും.

**81–91 വൈദികരല്ലാത്തവർക്കുള്ള വിലക്ക്**

81. കടിഞ്ഞാണില്ലാത്ത പാപമോചനച്ചീട്ട് പ്രസംഗകർ അറിവുള്ള ആളുകൾക്ക് പോപ്പിന്മേലുള്ള നല്ല മതിപ്പിനെ കെടുക്കുന്നു. അത്മായരുടെ ശ്രദ്ധേയമായ വിമർശനങ്ങളെ പ്രതിരോധിക്കാനോ അവർക്കെതിരെ എതിർത്തു സംസാരിക്കാനോ കഴിയുന്നില്ല.

82. ഉദാഹരണമായി, പർഗറ്ററിയിലുള്ള സകലരെയും പോപ്പ് സ്വതന്ത്രരാക്കാത്തതെന്ത്? ഏറ്റവും വിശുദ്ധ സ്നേഹത്തെപ്രതി അതല്ലേ ചെയ്യേണ്ടത്? അവരുടെ ആത്മാക്കളുടെ പരമപ്രധാനമായ ആവശ്യം അതല്ലേ? മറ്റെല്ലാ കാര്യങ്ങളെക്കാളും ഇത് നന്നായിരിക്കുമായിരുന്നില്ലേ? അതിനു പകരം വിശുദ്ധ പത്രോസിന്റെ പേരിലെ ദൈവാലയ നിർമ്മാണം

എന്ന ചെറിയ പരിപാടിക്കായി ഏറ്റവും നാശകരമായ കാര്യമായി പണം വാങ്ങിക്കൊണ്ട് ആത്മാക്കളെ സ്വതന്ത്രമാക്കുന്നു. ഒന്ന് ഏറ്റവും ഉത്തമം, അടുത്തത് ഏറ്റവും നിന്ദ്യം.

83. വീണ്ടും ചോദിക്കട്ടെ, ശവസംസ്കാര ശുശ്രൂഷകളിലും ചരമ വാർഷികങ്ങളിലും എന്തിനായിട്ടാണ് പിന്നെയും മരിച്ചവർക്കായിട്ടുള്ള കുർബാന ആചരിക്കപ്പെടുന്നത്? വീണ്ടെടുക്കപ്പെട്ടു കഴിഞ്ഞ ആത്മാക്കളുടെ പേരിൽ അതേ ആവശ്യത്തെപ്രതി വീണ്ടും പ്രാർത്ഥിക്കുന്നത് തെറ്റല്ലേ? അതു മാത്രമെങ്കിൽ അവരുടെ നന്മയെ കരുതി മുൻപ് അവരുടെ പേരിൽ വാങ്ങിയ പണം തിരികെ കൊടുക്കാൻ വേണ്ട ക്രമീകരണങ്ങൾ പോപ്പ് ചെയ്യാതിരിക്കുന്നത് തെറ്റല്ലേ?

84. കൂടാതെ ഇപ്പോൾ കാണിക്കുന്ന മനസ്സലിവു തന്നെ തികച്ചും തെറ്റാണ്. അഭക്തനും ദൈവത്തിന്റെ ശത്രുവുമായ ഒരുവൻ ഭക്തനും ദൈവത്തിന്റെ സ്നേഹിതനുമായ ഒരുവന്റെ ആത്മാവിനെ വീണ്ടെടുക്കാൻ പണമടയ്ക്കുന്നു. ഇതു ദൈവത്തിന്റെയും, പോപ്പിന്റെയും മുമ്പാകെ. അതുവഴി ഭക്തനും ദൈവപ്രിയനുമായവന്റെ ആത്മാവ് പണം കൂടാതെ വിമോചിക്കപ്പെടാൻ അനുവദിക്കാതിരിക്കുന്നു. ഇതും സ്നേഹത്തെ പ്രതിയും രക്ഷാ ആവശ്യത്തിനുവേണ്ടിയും എന്ന കരുതുന്നു.

85. പിന്നെയും ചോദിക്കട്ടെ, പശ്ചാത്താപത്തെക്കുറിച്ചുള്ള ഇതേ സഭാചട്ടങ്ങൾ പ്രയോഗിക്കാതെ ഒതുക്കി തന്നിൽത്തന്നെ അതിന്റെ മരണവും ആക്കി ഉപേക്ഷിച്ചിരിക്കുന്നതെന്തുകൊണ്ട്? എന്നാൽ ഇന്ന് പാപമോചനച്ചീട്ടുകൾ നൽകിക്കൊണ്ട് പിഴകൾ നിർബന്ധമാക്കി പണം സ്വരൂപിക്കുന്നത് ന്യായമോ? പാപമോചനച്ചീട്ടിന്റെ വിതരണം വഴി സകല പശ്ചാത്താപ കാനോൻ  നിയമങ്ങളെയും പിന്നെയും നടപ്പിലാക്കാൻ തുടങ്ങുകയാണോ?

86. വീണ്ടും ഏറ്റവും വലിയ ധനാഢ്യനേക്കാളും വലിയ സമ്പന്നനാണ് ഇന്ന് പോപ്പ്. അപ്പോൾ  തന്റെ തന്നെ ധനം ഉപയോഗിച്ച് പോപ്പ് എന്തുകൊണ്ട് വിശുദ്ധ പത്രോസിന്റെ ദൈവാലയം പണിയുന്നില്ലേ? പകരം പാപമോചനച്ചീട്ടിന്റെ പേരിൽ വിശ്വാസികളെ പിഴിഞ്ഞ് വീണ്ടും എന്തിന് പണം പിരിക്കണം?

87. കൂടാതെ, ആത്മാർത്ഥമായി മാനസാന്തരപ്പെടുന്ന എത്രയോ പേരുണ്ട്? ഇത്തരക്കാരുടെ ശുദ്ധമായ ഏറ്റുപറച്ചിലിൽ പാപമോചന സാദ്ധ്യതയുണ്ട്. ഇവരുടെ പശ്ചാത്താപ കാര്യത്തിൽ പോപ്പിന് എന്ത് ചെയ്യാനുണ്ട്?

88. മാത്രമല്ല, ഇപ്പോൾ പോപ്പ് ഒരുദിവസം ഒരു പ്രാവശ്യം പാപക്ഷമ കൊടുക്കുന്നു. അതു തന്നെ നൂറുപ്രാവശ്യം കൊടുക്കുകയാണെങ്കിൽ വിശ്വാസിയുടെ നില എന്തു തന്നെയായിരുന്നാലും  അത് സഭയ്ക്ക് എത്രമാത്രം കൂടുതൽ നന്മപ്രദായകമാകും.

89. പാപമോചനച്ചീട്ടു വഴി പോപ്പ് ഉന്നം വയ്ക്കുന്നത് പണ സമ്പാദനമല്ലെന്നു വരികിൽ, 'അതു മനുഷ്യാത്മാക്കളുടെ രക്ഷയെന്ന സന്ദേശമെന്ന് വരികിൽ, മുൻപു ക്ഷമ പ്രാപി

ച്ചവരുടെ ക്ഷമ നിർത്തിവയ്ക്കുന്നതെന്തുകൊണ്ട്? അല്ലെങ്കിൽ പാപമോചനച്ചീട്ടിന് മുൻകാല പ്രാബല്യത്തോടെ എല്ലാ കാലത്തേക്കുമുള്ളതായി പ്രഖ്യാപിക്കുകയാണോ?

90. ഈ ചോദ്യങ്ങൾ അല്പമായരുടെ മനഃസാക്ഷിയിലെ ഗൗരവതരമായ വിഷയങ്ങളാണ്. ശരിയായ കാരണങ്ങളിലൂടെ അവരെ ബോദ്ധ്യപ്പെടുത്താതെ നിയമശക്തിയാൽ അവരെ അമർത്തി നിശ്ശബ്ദരാക്കാനാണ് ഭാവമെങ്കിൽ ഇവ വെളിവായികിട്ടും വരെ സഭയും പോപ്പും ശത്രുക്കളാണെന്നേ അവർ കരുതുകയുള്ളൂ. അത് ശരിയായ ക്രൈസ്തവ സമൂഹത്തെ തികച്ചും അസ ന്തുഷ്ടരാക്കും.

91. ആകയാൽ പോപ്പിന്റെ ആത്മാവിലും മനസ്സിലും ബോദ്ധ്യമാകുംവിധം പാപമോചനച്ചീട്ടിനെക്കുറിച്ച് പ്രസംഗിച്ചാൽ മേൽപ്പറഞ്ഞ വിഷമതകളെ വേഗത്തിൽ അതിജീവിക്കാനാകും. കൂടുതൽ അസ്വസ്ഥതകളെ അത് ഒഴിവാക്കും.

**92–95 വ്യാജ സമാധാനവും ക്രിസ്തുവിന്റെ ക്രൂശും**

92. സമാധാനമില്ലാതിരിക്കെ 'സമാധാനം, സമാധാനം' എന്ന് ക്രിസ്തുവിന്റെ ജനത്തോടു വിളിച്ചുകൂകി നടക്കുന്ന ഈ കള്ള പ്രവാചകർ അകന്ന് ഇല്ലാതെ പോകട്ടെ.

93. 'കുരിശ്, കുരിശ്' എന്ന് ക്രിസ്തുവിന്റെ ജനത്തോട് വിളിച്ചു പറഞ്ഞുകൊണ്ട് കുരിശുകളെ ഒഴിവാക്കുന്ന എല്ലാ സത്യ പ്രവാചകന്മാർക്കും സ്തുതി, സ്തുതി.

94. ക്രിസ്ത്യാനികൾ തങ്ങളുടെ തലയായ ക്രിസ്തുവിനെ തീക്ഷ്ണതയോടെ അനുഗമിക്കാൻ പ്രബോധിപ്പിക്കണം. എല്ലാ ശിക്ഷകളിലും മരണത്തിലും നരകയാതനകളിലും കൂടെ എല്ലായ്പ്പോഴും നിങ്ങളുടെ തലയായ ക്രിസ്തുവിനെ മാത്രം പിൻതുടരുക.

95. അവസാനമായി, കപട സമാധാനത്തിന്റെ വ്യജ ഉറപ്പുകൾ വഴിയല്ല, അനേകം കഷ്ടപ്പാടുകളിൽ കൂടി ദൈവരാജ്യ പ്രവേശനം സാദ്ധ്യമാക്കുന്നതിന് അവർ ഉറപ്പുള്ളവരായിത്തീരട്ടെ.

**ഉപസംഹാരം**

കത്തോലിക്കാ സഭയിൽ ചെക്കേറിയ വചനവിരുദ്ധപ്രവണതകൾ ഇന്നും നമ്മുടെ (പ്രൊട്ടസ്റ്റന്റ്) സഭാന്തരീക്ഷത്തിൽ ഒളിഞ്ഞും തെളിഞ്ഞും കാണപ്പെടുന്നത് നാം കണ്ടു. ആത്മീയത ഇന്ന് നല്ല ഒരു വിൽപ്പന ചരക്കാണ്. പക്ഷേ ദൈവത്തെ സ്നേഹിക്കുന്നവർ വചനത്തിന്റെ പക്ഷത്തു നിൽക്കും. ചെറുതോ വലുതോ ഏതു കാര്യമായാലും, ഏതു തീരുമാനമായാലും വചനമാകുന്ന കണ്ണാടിയിലൂടെ നോക്കി വ്യക്തത വരുത്തിയശേഷം മാത്രമേ പ്രവർത്തിക്കുകയുള്ളൂ. അങ്ങനെയുള്ള ഒരു വ്യക്തിയായിത്തീരാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.



# ുവൈറ്റ്(അറേബ്യ) സി.എസ്.ഐ സഭാകൺവെൻഷൻ

രാജ്യം : **കുവൈറ്റ്**
സ്ഥലം : St.Johns Tamil CSI Church
ദിവസം : 2018 ഏപ്രിൽ 26, 27, 28 തിങ്കൾ
കൂടുതൽ വിവരങ്ങൾക്ക് : **Mr. Selvin Muthunayagam**
CSI Secretary, Mob.: 7965 99840794
Email.stjohnschurchkuwait@gmail.com

കുവൈറ്റിലെ മലയാളികളായ വിശ്വാസികൾ എന്ന നേരിൽ കാണാൻ ആഗ്രഹിച്ചാൽ മേൽക്കാണിച്ച നമ്പരിൽ വിളിച്ച് അപ്പോയ്മെന്റ് വാങ്ങിയശേഷം വരാൻ അഭ്യർത്ഥിക്കുന്നു.

ബഹറിൻ, ദുബായ്, ഷാർജ, അബുദാബി, മസ്ക്കറ്റ്, ദോഹ (ഖത്തർ) എന്നീ സ്ഥലങ്ങളിലുള്ളവർ യോഗങ്ങൾ ക്രമീകരിക്കുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ 2018 ഫെബ്രുവരി 2–ാം ആഴ്ചയ്ക്കു മുമ്പായി എന്നെ അറിയിക്കുക. അത് സമയങ്ങൾ ക്രമീകരിക്കുവാൻ സൗകര്യമുണ്ടായിരിക്കും. പ്രാർത്ഥിക്കു. എന്റെ ഇ–മെയിൽ ഐ.ഡി. jamakaran@yahoo.com.

FEBRUARY 2018

# Printed Book (Periodical)

RNI Reg. No. TNBIL/2016/70171

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**